# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പറപ്പൂക്കര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ - 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്. ആർ.( പി 10)1744/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 28/11/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പറപ്പൂക്കര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പറപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പറപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്. ആർ.( പി 10)1744/2023 തീയ്യതി: 28/11/2023

## തൃശ്ശൂർ ജില്ലയിലെ പറപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ പറപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 16-02-2023 മുതൽ 16-10-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സാബു പി. എസ് | ഡെപ്യൂട്ടി ഡയറക്ടർ | 17-10-2023 | 26-10-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 17-10-2023 | 26-10-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി പ്രവിദ പി. എ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ചൈതന്യ പുരുഷോത്തമൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി വിദ്യ ഒ. കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി സഫന എൻ.എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഇ.കെ അനൂപ് | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| സബിത ജി | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ജോൺസി. ടി. ജെ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 12-09-2022 |
| ഉഷ കെ കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 13-09-2022 | 13-09-2022 |
| ആര്യ വിശ്വൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 14-09-2022 | 31-03-2023 |
| ഡോ. ശിവരാജൻ. കെ.ജി | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 01-04-2022 | 31-03-2023 |
| ഡോ.ശ്രീജ. എസ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 31-03-2023 |
| ഡോ. ബിന്ദു. ജി നായർ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2022 | 15-06-2022 |
| ഡോ.ഹെൻട്രി പ്രസാദ് | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 16-06-2022 | 31-03-2023 |
| ഡോ. ജോഷി ടി എ | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ജിബിന.എം. എം | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ഹേമ. കെ | ഐ.സി.ഡി. എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| അനില. ടി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| രേണുക പി വി | പ്രധാന അധ്യാപിക | 01-04-2022 | 31-05-2022 |
| എം എം ഉണ്ണികൃഷ്ണൻ | പ്രധാന അധ്യാപകൻ | 01-06-2022 | 31-08-2022 |
| ലത പി ആർ | പ്രധാന അധ്യാപിക | 01-09-2022 | 01-12-2022 |
| എം എം ഉണ്ണികൃഷ്ണൻ | പ്രധാന അധ്യാപകൻ | 02-12-2022 | 31-03-2023 |
| രാഗി. എം.യു | വി.ഇ.ഒ (നന്തിക്കര സർക്കിൾ) | 01-04-2022 | 31-03-2023 |
| എൻ സി കൃഷ്ണകുമാർ | വി.ഇ.ഒ ( പറപ്പൂക്കര സർക്കിൾ) | 01-04-2022 | 31-03-2023 |
| നീന ചന്ദ്രൻ | കൃഷി ഓഫീസർ | 01-04-2022 | 16-01-2023 |

| | | | |
|---|---|---|---|
| നികിത | കൃഷി ഓഫീസർ | 17-01-2023 | 13-02-2023 |
| നീരജ ഉണ്ണി | കൃഷി ഓഫീസർ | 14-02-2023 | 16-03-2023 |
| നീനു ചന്ദ്രൻ | കൃഷി ഓഫീസർ | 17-03-2023 | 31-03-2023 |
| സുരേഷ് കുമാർ ടി. കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | ബാങ്ക് നീക്കിയിരിപ്പ് നെഗറ്റീവ് തുക കാണിക്കുന്നു | 1-1-2 |
| 4 | മുൻവർഷത്തെ ബാലൻസ് ഷീറ്റിലെ നീക്കിയിരിപ്പായി രേഖപ്പെടുത്തിയ തുക തൻവർഷം മുന്നിരിപ്പായി രേഖപ്പെടുത്തിയതിൽ വ്യത്യാസം | 1-1-3 |
| 5 | Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus) കണക്കാക്കിയതിൽ വ്യത്യാസം | 1-1-4 |
| 6 | കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | രശീതി തെറ്റായ ശീർഷകത്തിൽ നല്കി | 1-1-6 |
| 8 | ബാങ്ക് റീകൺസീലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല | 1-1-7 |
| 9 | ചെക്ക് നിക്ഷേപിച്ചു-ബാങ്കിൽ ക്രെഡിറ്റ് ആയില്ല | 1-1-8 |
| 10 | ബാങ്ക് റീകൺസീലിയേഷൻ പത്രികയിൽ Directly Debited By Bank ആയി ചേർത്ത തുകകൾ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല | 1-1-9 |
| 11 | റവന്യൂ ചെലവിന് തത്തുല്യമായ തുകകൾ വരുമാനമായും ക്യാപ്പിറ്റൽ ചെലവിന് തത്തുല്യമായ തുകകൾ ആസ്തിശീർഷകത്തിലേക്കും മാറ്റി ക്രമീകരിച്ചിട്ടില്ല | 1-1-10 |
| 12 | തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല | 1-1-11 |
| 13 | വസ്തു നികുതി-റെസിഡെൻഷ്യൽ-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-1-12 |
| 14 | വസ്തു നികുതി-നോൺ റെസിഡെൻഷ്യൽ-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-1-13 |
| 15 | ലൈബ്രറി സെസ്സ് ഇനത്തിലെ തുകകളും വാർഷിക കണക്കിലെ തുകകളും പൊരുത്തപ്പെടുന്നില്ല | 1-1-14 |
| 16 | വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല | 1-1-15 |
| 17 | ആസ്തി രജിസ്റ്റർ ഓഡിറ്റിൽ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ സൂക്ഷിക്കുന്നില്ല | 1-1-16 |

| | | |
|---|---|---|
| 18 | വായ്പാ വിവരങ്ങൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-17 |
| 19 | വസ്തു നികുതി-സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ നടത്തുന്നില്ല | 1-1-18 |
| 20 | Prior Period-ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ സൂക്ഷിക്കുന്നില്ല | 1-1-19 |
| 21 | ജേണൽ മുഖേനയുള്ള രേഖപ്പെടുത്തലുകൾ-അനുബന്ധ രേഖകൾ സൂക്ഷിക്കുന്നില്ല | 1-1-20 |
| 22 | ലെഡ്ജർ ബാലൻസുകളും ബന്ധപ്പെട്ട രജിസ്റ്ററുകളും പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല | 1-1-21 |
| 23 | ഡിപ്രിസിയേഷൻ-അതാത് ആസ്തികളുടെ ശീർഷകങ്ങളുടെയോ ആസ്തികളുടെ ഗണത്തിനനുസരിച്ചോ (Block Of Assets) പുനക്രമീകരിച്ചിട്ടില്ല | 1-1-22 |
| 24 | 14020 രൂപയുടെ ഇൻവെസ്റ്റ്മെന്റുകൾ ഭൗതിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല | 1-1-23 |
| 25 | ചെലവഴിക്കാൻ അവശേഷിക്കുന്ന തുകകളും അവ നിക്ഷേപിച്ച ബാങ്ക് അക്കൗണ്ടുകളുടെ നീക്കിയിരിപ്പ് തുകകളും പൊരുത്തപ്പെടുന്നില്ല | 1-1-24 |
| 26 | ബാധ്യതകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-25 |
| 27 | ബജറ്റ് | 1-2 |
| 28 | ഫണ്ട് വിനിയോഗം | 1-3 |
| 29 | പദ്ധതി അവലോകനം | 1-4 |
| 30 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 31 | ക്ഷേമ പദ്ധതികൾ | 1-6 |
| 32 | ക്യാഷ് വെരിഫിക്കേഷൻ | 1-7 |
| 33 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 34 | തനത് വരുമാനം-പൊതുഅവലോകനം | 1-9 |
| 35 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-10 |
| 36 | ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല | 1-11 |
| 37 | വസ്തുനികുതി-മേഖല നിർണ്ണയം-അപാകതകൾ | 1-12 |
| 38 | വസ്തുനികുതി നിരക്ക് വ്യത്യാസം-ഓഡിറ്റ് എൻക്വയറിയെ തുടർന്ന് നികുതി പുനർനിർണ്ണയം നടത്തി | 1-13 |
| 39 | പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷനില്ലാതെ പ്രവർത്തിക്കുന്നു | 1-14 |
| 40 | മണ്ണിന്റെ വില ഈടാക്കിയതിന്റെ രേഖകൾ ലഭ്യമാക്കിയില്ല | 1-15 |
| 41 | എച്ച്.എം.സി കണക്കുകൾ ഓഡിറ്റിന് സമർപ്പിയ്ക്കേണ്ടതാണ് | 1-16 |
| 42 | എഫ്.എച്ച്.സി മരുന്ന ലഭ്യമായിട്ടില്ല-തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-17 |

| | | |
|---|---|---|
| 43 | ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-18 |
| 44 | ഭവനനിർമ്മാണം-ആദ്യഗഡു കൈപ്പറ്റി-പണി ആരംഭിച്ചിട്ടില്ല | 1-19 |
| 45 | ബാലസഭ-അധിക തുക ചെലവഴിച്ചു-32000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-20 |
| 46 | അമൃതം ഫുഡ്, കുമാരി പ്ലസ് എന്നീ ഉത്പന്നങ്ങൾ വാങ്ങിയപ്പോൾ CGST, SGST ഇനങ്ങളിൽ ടി.ഡി.എസ് ഈടാക്കിയിട്ടില്ല | 1-21 |
| 47 | കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ് | 1-22 |
| 48 | വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ് | 1-23 |
| 49 | കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് വർക്കിനായി മുൻകൂർ തുക നൽകിയത്-പ്രവൃത്തി പൂർത്തീകരണവിവരം ലഭ്യമാക്കേണ്ടതാണ് | 1-24 |
| 50 | ഹോമിയോ മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല | 1-25 |
| 51 | റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല | 1-26 |
| 52 | ഉള്ളാട്ടുകുളം സംരക്ഷണം പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല, മണ്ണിന്റെ വിനിയോഗ വിവരം ലഭ്യമാക്കിയില്ല-1,87,822/- രൂപ തടസ്സപ്പെടുത്തുന്നു | 1-27 |
| 53 | പ്രവൃത്തി വൈകിയതിൽ പിഴ ഈടാക്കിയിട്ടില്ല | 1-28 |
| 54 | MGNREGS കോൺക്രീറ്റ് പ്രവൃത്തികൾ-കരാറുകാരന് സിമന്റ്, ക്വാറി വേസ്റ്റ് ഇനത്തിൽ മാർക്കറ്റ് വിലയേക്കാൾ അധികം തുക അനുവദിച്ചു | 1-29 |
| 55 | മുൻകൂർ നൽകിയ തുകകൾ ധനവിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി ക്രമീകരിക്കേണ്ടതാണ് | 1-30 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |

| | | |
|---|---|---|
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്ക് സംക്ഷിപ്തം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1) പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 13.07.2023 തീയതിയിലെ 2(1) നം. കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 09.08.2023 തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പറപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2) C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പറപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: തൃശ്ശൂർ

തീയതി: 28.11.2023

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്)).

### 1-1-2 ബാങ്ക് നീക്കിയിരിപ്പ് നെഗറ്റീവ് തുക കാണിക്കുന്നു

2022-23 വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ RP-40(b) & B-17 പ്രകാരം 450210104- LG TSB Own Fund (7990130000001028) ൽ നീക്കിയിരിപ്പ് തുക -28973 (നെഗറ്റീവ്) ആണ്. ബാങ്ക് ബാലൻസ് നെഗറ്റീവ് ആയത് സംബന്ധിച്ച് സെക്രട്ടറിയുടെ കുറിപ്പുകൾ അക്കൗണ്ട്സിനോടൊപ്പം ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി (നം. 3/20.10.2023) നൽകിയതിന് 30.03.2023 തീയതിയിൽ സർക്കാർ റിസംപ്ഷൻ ഇനത്തിൽ തുക പിൻവലിച്ചതിനാലാണ് നെഗറ്റീവ് തുക നീക്കിയിരിപ്പ് വന്നതെന്നാണ് മറുപടി ലഭ്യമാക്കിയത്.

### 1-1-3 മുൻവർഷത്തെ ബാലൻസ് ഷീറ്റിലെ നീക്കിയിരിപ്പായി രേഖപ്പെടുത്തിയ തുക തൻവർഷം മുന്നിരിപ്പായി രേഖപ്പെടുത്തിയതിൽ വ്യത്യാസം

മുൻവർഷത്തെ ബാലൻസ് ഷീറ്റ് നീക്കിയിരിപ്പിലെ 460500201 – Advance To Implementing Agencies – Deposit With KWA, 460500202 – Advance To Implementing Agencies – Deposit With GWD എന്നീ ശീർഷകങ്ങൾ കൂട്ടിച്ചേർത്ത് തൻവർഷം 460500201 – Advance To Implementing Agencies – Deposit With KWA എന്ന ഒറ്റ ശീർഷകത്തിലാക്കി.

| ഇനം | മുൻവർഷത്തെ ബാലൻസ് ഷീറ്റിലെ നീക്കിയിരിപ്പ് | ഇനം | ട്രയൽ ബാലൻസ് പ്രകാരം മുന്നിരിപ്പ് |
|---|---|---|---|
| 460500201 – Advance To Implementing Agencies – Deposit With KWA | 2865687 | 460500201 – Advance To Implementing Agencies – Deposit With KWA - | 4,486,278 |
| 460500202 – Advance To Implementing Agencies – Deposit With GWD | 1620591 | | |

മുൻവർഷങ്ങളിലെ Pipe Line Extension എന്ന പദ്ധതിയുടെ ചെലവ് തുക 1620591/- ശീർഷകം തെറ്റായി രേഖപ്പെടുത്തിയതിനാൽ 2022-23 വർഷത്തിൽ ശരിയായി രേഖപ്പെടുത്തിയതെന്നാണ് ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 3/20.10.2023) മറുപടി നൽകിയത്.

### 1-1-4 Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus) കണക്കാക്കിയതിൽ വ്യത്യാസം

| | | |
|---|---|---|
| പഞ്ചായത്തിന്റെ ആകെ വരുമാനം (A) | | 156838265 |
| ആകെ ചെലവ് (B) | | 168802165 |
| മിച്ചം തുക C= A-B | | -11963900 |
| Prior Period Income | 42163 | |
| Prior Period Expenditure | -363431 | |
| Net Difference Between Prior Period Income And Expenses ( D ) | | 405594 |
| Prior Period Items വ്യത്യാസം | | -11558306 |

| | | |
|---|---|---|
| ക്രമീകരിച്ചതിനു ശേഷമുള്ള മിച്ച തുക (E) =C+D | | |

Prior Period Income And Expenses വ്യത്യാസം കണക്കാക്കിയതിൽ വ്യത്യാസം വന്നതിനാൽ, -11963900 ൽ നിന്നും -321268(42163- 363431) കുറച്ചപ്പോൾ ലഭിച്ച -11642632 രൂപയാണ് Income And Expenditure Account ൽ മിച്ച തുകയായി ചേർത്തിട്ടുള്ളത്. എന്നാൽ 31/3/23 ലെ ബാലൻസ് ഷീറ്റിലെ Excess Of Income Over Expenditure എന്ന ശീർഷകത്തിലെ തുക കണക്കാക്കിയതിൽ വ്യത്യാസം വന്നിട്ടില്ല.

### 1-1-5 കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് -1203165 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 17619675 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

### 1-1-6 രശീതി തെറ്റായ ശീർഷകത്തിൽ നല്കി

1) 2018, 2019 വർഷങ്ങളിലുണ്ടായ പ്രളയാനന്തരം, കുറുമാലിപ്പുഴയിൽ നിന്നും മാറ്റി മുളങ്ങ് സ്റ്റേഡിയത്തിൽ സംഭരിച്ച മണ്ണ്/ചളി 03.18.2022 ന് മുളങ്ങ് സ്റ്റേഡിയം ഗ്രൗണ്ടിൽ വച്ച് പരസ്യലേലം നടത്തിയിരുന്നു. 6,02,000 രൂപയ്ക്ക് അബ്രഹാം അലി എന്ന വ്യക്തിയാണ് ലേലം കൊണ്ടിരിക്കുന്നത്. ടി ലേലം സംബന്ധിച്ച വരവുകൾ 150100108 - Receipt From Sale Of Sand എന്ന ശീർഷകത്തിൽ ബുക്ക് ചെയ്യുന്നതിനു പകരം 150100199 - Receipt From Sale Of Other Products എന്ന ശീർഷകത്തിലാണ് ബുക്ക് ചെയ്തിട്ടുള്ളത്. ലേല തുകയായ 602000 രൂപയ്ക്ക് പകരം 5,72,225 രൂപ മാത്രമാണ് മേൽ ശീർഷകത്തിൽ വരവ് വന്നിട്ടുള്ളത്. ലേലത്തിൽ പങ്കെടുക്കുന്നതിന് 340100103 - Bidders EMD എന്ന ശീർഷകത്തിൽ ഇ.എം.ഡി.യായി അടവാക്കിയ 29,775 രൂപ വരവായി ക്രമീകരിച്ചിട്ടില്ല.

2) പറപ്പൂക്കര ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ അപകടകരമായി നിന്നിരുന്ന മരങ്ങളും ശിഖരങ്ങളും- വാർഡ് 12, MCF ലെ പുളിമരം, പഞ്ഞിമരം എന്നിവ – മുറിച്ചത് 10.11.2022 ന് പഞ്ചായത്ത് ഓഫീസിൽ വച്ച് നടന്ന പരസ്യലേലത്തിൽ സിജോ. സി.പി. എന്ന വ്യക്തി 1450 രൂപക്ക് ലേലം കൊണ്ടിരുന്നു. EMD തുക 37 രൂപ കഴിച്ച് ടിയാൻ അടവാക്കിയ 1413 രൂപ 150100110 - Receipt From Sale Of Timber എന്ന ശീർഷകത്തിൽ ബുക്ക് ചെയ്യുന്നതിനു പകരം 180100101 - Deposits Forfeited – Auction Deposit എന്ന ശീർഷകത്തിലാണ് ബുക്ക് ചെയ്തിട്ടുള്ളത്.

3) പറപ്പൂക്കര ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ അപകടകരമായി നിന്നിരുന്ന മരങ്ങളും ശിഖരങ്ങളും 30.03.2023 ന് പഞ്ചായത്ത് ഓഫീസിൽ വച്ച് നടന്ന പരസ്യലേലത്തിൽ 5 ഇനങ്ങൾ ഹരി പൈവള്ളി എന്ന വ്യക്തി 3450 രൂപക്ക് ലേലം കൊണ്ടിരുന്നു. ലേല തുകയായ 3450 രൂപ അടവാക്കിയത് 150100110-Receipt From Sale Of Timberഎന്ന ശീർഷകത്തിൽ ബുക്ക് ചെയ്യുന്നതിനു പകരം 180100101- Deposits 340100103 - Bidders EMD എന്ന ശീർഷകത്തിലാണ് ബുക്ക് ചെയ്തിട്ടുള്ളത്.

### 1-1-7 ബാങ്ക് റീകൺസീലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല

താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ടുകളുടെ പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല (കേരള പഞ്ചായത്ത് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം 57)).

| ക്രമ നം. | ബാങ്ക് | അക്കൗണ്ട് നമ്പർ | റീകൺസീലിയേഷൻ തയ്യാറാക്കാത്ത മാസങ്ങൾ |
|---|---|---|---|
| 1 | Saksharatha BOI | 855412100002879 | 04/22 To 03/23 |
| 2 | Joint Venture Treasury Old | 799011400001006 | 04/22 To 03/23 |

1-1-8 ചെക്ക് നിക്ഷേപിച്ചു-ബാങ്കിൽ ക്രെഡിറ്റ് ആയില്ല

(A) 2023 മാർച്ച് മാസത്തിലെ ബാങ്ക് റീകൺസീലിയേഷൻ പത്രിക പ്രകാരം (E-Payment SBI(37172085112 )) 14214.00/- രൂപ “Cheques Deposited But Not Credited” ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. ബാങ്കുമായി ബന്ധപ്പെട്ട് തുക ക്രെഡിറ്റ് ചെയ്യപ്പെടാതിരുന്നതിന് കാരണം പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

(B) 2023 മാർച്ച് മാസത്തിലെ ബാങ്ക് റീകൺസീലിയേഷൻ പത്രിക പ്രകാരം (OWN FUND KERALA BANK-150212801000013) 4303.00/- രൂപ “Cheques Deposited But Not Cleared” ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. ബാങ്കുമായി ബന്ധപ്പെട്ട് തുക ക്രെഡിറ്റ് ചെയ്യപ്പെടാതിരുന്നതിന് കാരണം പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

| ചെക്ക് നമ്പർ | തീയ്യതി | തുക |
|---|---|---|
| 91500001 | 30.04.2015 | 553 |
| 3647 | 28.01.2010 | 3750 |

1-1-9 ബാങ്ക് റീകൺസീലിയേഷൻ പത്രികയിൽ Directly Debited By Bank ആയി ചേർത്ത തുകകൾ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല

താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ട് പാസ്സ്ബുക്കിൽ വന്ന ഡെബിറ്റ് തുകകൾ 31/3/2023 വരെയുള്ള എല്ലാ മാസവും റീകൺസീലിയേഷൻ പത്രിക യിൽ ഈ തുക " Directly Debited By Bank” എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി വരികയാണ് ചെയ്തിട്ടുള്ളത്. ബാങ്കുമായി ബന്ധപ്പെട്ട് ഈ ചെലവ് പഞ്ചായത്തുമായി ബന്ധപ്പെട്ടതാണോയെന്ന് പരിശോധിക്കേണ്ടതും ഈ തുക ബാങ്ക് തെറ്റായി കുറവ് ചെയ്തതാണെങ്കിൽ തുക തിരികെ പഞ്ചായത്തിന്റെ ബാങ്ക് അക്കൌണ്ടിൽ തിരികെ ക്രെഡിറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതും ,പഞ്ചായത്തുമായി ബന്ധപ്പെട്ട ഡെബിറ്റ് ആണെങ്കിൽ അത് ഉചിതമായ ശീർഷകത്തിൽ അതിന് ചെലവ് രേഖപ്പെടുത്തേണ്ടതും കണക്കിലെടുക്കേണ്ടതുമാണ്. ഈ തുക ബാങ്ക് പാസ്സ്ബുക്കിൽ രേഖപ്പെടുത്തലുകൾ വന്നിട്ട് മാസങ്ങൾ കഴിഞ്ഞാണ് വാർഷിക കണക്കുകൾ അന്തിമമാക്കിയിട്ടുള്ളതെങ്കിലും മേൽപ്രകാരം നടപടി സ്വീകരിക്കാത്തതിനാൽ ഈ തുകകൾ 2022-23 ലെ വാർഷിക കണക്കിൽ ഉൾപ്പെടാതെ പോയി.

Account Number - (E-Payment SBI(37172085112))

| തീയ്യതി | തുക |
|---|---|
| 27.01.2023 | 1572 |
| 15.03.2023 | 1064 |
| 22.03.2023 | 205 |
| 22.03.2023 | 59 |
| ആകെ | 2900 |

1-1-10 റവന്യൂ ചെലവിന് തത്തുല്യമായ തുകകൾ വരുമാനമായും ക്യാപ്പിറ്റൽ ചെലവിന് തത്തുല്യമായ തുകകൾ ആസ്തിശീർഷകത്തിലേക്കും മാറ്റി ക്രമീകരിച്ചിട്ടില്ല

A) ജില്ലാ പഞ്ചായത്ത് വിഹിതം

പ്രൊജക്റ്റ് നം. 49/23 മാന്നാം കുളം ജലരക്ഷ- ജീവൻ രക്ഷ പ്രൊജക്റ്റ് പ്രകാരമുള്ള ജില്ലാ പഞ്ചായത്ത് വിഹിതത്തിൽ നിന്നുള്ള ചെലവ് തുക 530,229.00/- രൂപ (വൗച്ചർ നം. 42200338 /06.09.2022) 160300101- Contributions Towards Joint Venture – From District Panchayats എന്ന ശീർഷകത്തിൽ വരുമാനമായി ഉൾപ്പെടുത്തുകയോ 320700105 - Contributions For Joint Venture Projects (For Capital Expenditure) - From District Panchayats എന്ന ശീർഷകത്തിൽ ബാധ്യതാ ശീർഷകത്തിൽ നിന്നും കുറവ് ചെയ്യുകയോ ചെയ്തിട്ടില്ല.

B) സി.എഫ്.സി ഗ്രാന്റ്

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം സി.എഫ്.സി ഗ്രാന്റിനത്തിൽ 9488770/- രൂപ (5550215(CFC - Tied) + 3938555 (CFC Untied)) ചെലവുണ്ട്. എന്നാൽ Income & Expenditure പത്രിക പ്രകാരം 924617/- രൂപ മാത്രമാണ് ചെലവു രേഖപ്പെടുത്തിയത്. കൂടാതെ 320200104- Development Fund - Central Finance Commission Grant - Basic Tax Grant, 320200113 - Development Fund –Central Finance Commission Grant –Tied Fund ബാധ്യതാശീർഷകത്തിൽ തൻ വർഷം ചെലവു ചെയ്തതിന്റെ ബാധ്യതകൾ കുറവ് ചെയ്തിട്ടില്ല.

C) ഹെൽത്ത് ഗ്രാന്റ്

Health Grant-diagonostic Infrastructure, Health Grant -Wellness Centres എന്നീ ഇനങ്ങളിലെ ചെലവു തുകകൾ 320100202- Grants For Specific Purposes - Health Grant Towards Support For Diagnostic InfraStructure To The PHCs, 320100204 – Grants For Specific Purposes - Health Grant Twards Conversion Of PHCs And Subcentres In To Health And Wellness Centres ബാധ്യതാശീർഷകത്തിൽ കുറവ് ചെയ്യുകയോ ഇൻകം & എക്സ്പെന്റീച്ചർ പത്രികയിൽ വരുമാനമായി ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.

മേൽ അപാകത മൂലം റവന്യൂ ചെലവിന് തത്തുല്യമായ തുകകൾ ഇൻകം & എക്സ്പെന്റീച്ചർ പത്രികയിൽ വരുമാനമായും ക്യാപ്പിറ്റൽ ചെലവിന് തത്തുല്യമായ തുകകൾ ബാലൻസ് ഷീറ്റിൽ ആസ്തിശീർഷകത്തിലേക്കും മാറ്റി ക്രമീകരിച്ചിട്ടില്ല. അപാകത 2023-24 ൽ പരിഹരിക്കേണ്ടതാണ്. അപാകത പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-1-11 തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല

A) താഴെ ചേർത്തിരിക്കുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നൽകുമ്പോൾ " 460500204 – Advance To Implementing Agencies" എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ഏജൻസിയിൽനിന്നും വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്കു മാത്രം അതാത് ചെലവ്, ആസ്തി ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ചെയ്യുന്നതിന് പകരം, മുൻകൂർ നൽകുമ്പോൾ തന്നെ ബന്ധപ്പെട്ട ചെലവ്, ആസ്തി ശീർഷകത്തിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതായി കാണുന്നു. മാത്രമല്ല മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുമില്ല. ഇപ്രകാരം ചെയ്യുന്നതിനാൽ മുൻകൂർ തുകകളുടെ വിനിയോഗം നിരീക്ഷിക്കാൻ കഴിയാതെ വരുന്നു. ഇപ്രകാരം രേഖപ്പെടുത്തലുകൾ വരുത്തിയതിനുള്ള ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് | വൗച്ചർ നമ്പർ/ ബിൽ നമ്പർ | ഡെപ്പോസിറ്റ് തുക | ചെലവ് രേഖപ്പെടുത്തിയ ശീർഷകം | ചെലവ് രേഖപ്പെടുത്തേണ്ടിയിരുന്ന ശീർഷകം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | 31/23 പോസ്റ്റ് ഷിഫ്റ്റിംഗ് | Nil- 82413/- 42200506/ 01.11.2022 - 13094/- | 95507/- | 13094/– 251200001 - Electric Line-Post Re-Arrangement 82413/- രൂപ ചെലവ് രേഖപ്പെടുത്തിയിട്ടില്ല | 460500202-Advance To Implementing Agencies-KSEB |

B) താഴെ ചേർക്കുന്ന പ്രോജക്റ്റുകളിൽ പ്രവൃത്തികളുടെ ചെലവ് തുക തെറ്റായി റവന്യൂ ചെലവായി രേഖപ്പെടുത്തിയതിനാൽ തത്തുല്യ തുകകളുള്ള ആസ്തികൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്റ്റിന്റെ നമ്പർ/പേര് | നൽകിയ തുക | ചെലവ് രേഖപ്പെടുത്തിയ ശീർഷകം |
|---|---|---|---|
| 1 | 50/23 – കുപ്പിക്കാടൻ റോഡ് ടൈൽ വർക്ക് | 315,543 | 252110004 - Roads-Concretting |
| 2 | 51/23 – മൈത്രി റോഡ് ടൈൽ വർക്ക് | 320844 | 252110004 - Roads-Concretting |
| 3 | 249/23 – പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ | 164862 | 14862/ - രൂപയുടെ ചെലവ് 251220007-Improvement Of The Service Of Local Governments-Purchase Of Hardware ശീർഷകത്തിൽ രേഖപ്പെടുത്തി |
| 4 | 247/23 – പഞ്ചായത്ത് ഓഫീസിൽ സോളാർ പാനൽ സ്ഥാപിക്കൽ | 611520 | 500000/- രൂപയുടെ ചെലവ് 251190001 - Non Conventional Energy (Public)-Solar Panel ശീർഷകത്തിൽ രേഖപ്പെടുത്തി |
| 5 | 154/23- ലൈബ്രറിയിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ | 54,954 | 251101001 \| Infrastructure For Reading Rooms, Libraries And Grama/Ward Sabha Centres-Maintenance Of Library Building Of Local Self Government Institutions |
| 6 | 220/23- കുടുംബശ്രീ ഹെൽപ്പ് ഡെസ്കിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ | 53,837/- | 251220007-Improvement Of The Service Of Local |

| | | | |
|---|---|---|---|
| | | | Governments-Purchase Of Hardware |
| 7 | 214/23 -സാംസ്കാരിക നിലയത്തിലേക്ക് ഫർണിച്ചർ വാങ്ങൽ | 299480/- | 251101205 - Infrastructure For Arts-Culture-Sports And Youth Welfare-Increasing Facilities In Cultural Centres |
| 8 | 262/23 – MCF ൽ ക്യാമറ സ്ഥാപിക്കൽ | 68031/- | 251130103 -Health - Related Activities - Achieving The Status Of Absolute Hygiene |

മേൽ പ്രവൃത്തികളിലെ ചെലവ് തുക ഉചിതമായ ആസ്തി ശീർഷകങ്ങളിൽ ഉൾപ്പെടുത്തേണ്ടതാണ്.

## 1-1-12 വസ്തു നികുതി-റെസിഡെൻഷ്യൽ-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

A) വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ"ൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂൾ" ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ"-ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

റെസിഡൻഷ്യൽ (തൻവർഷം)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| ഡി.സി.ബി തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 3295895 | 3276494 | 15101 | 7463 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 3295895 | 3273354 + 3104(Advance) | 10479 | *7463 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | (350410101-Advance Collection-PT On Res. Bldg-ന്റെ | *(7838/105X100)= 7464 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

| | | | | |
|---|---|---|---|---|
| | | | ലെഡ്ജർ) | ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1. മുൻകൂർ തുക പൊരുത്തപ്പെടുന്നില്ല.

2."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിലും വാർഷിക കണക്കിലും കണക്കാക്കപ്പെടുന്നില്ല.

B)വസ്തു നികുതി-റെസിഡെൻഷ്യൽ (കുടിശ്ശിക)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

റെസിഡൻഷ്യൽ (കുടിശ്ശിക)

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| ഡിസിബി തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 24703 | 4604 | 20099 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | * 15662 | 4604 | **20099 |
| | *(2021-22 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (3952 + 12494 =16446/105*100 = 15662) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (21111 X 100/105)=20105 ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. |

ഡിമാന്റ് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-1-13 വസ്തു നികുതി-നോൺ റെസിഡെൻഷ്യൽ-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

A) വസ്തു നികുതി-നോൺ റെസിഡെൻഷ്യൽ (തൻവർഷം)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

നോൺ-റെസിഡൻഷ്യൽ (തൻവർഷം)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| ഡിസിബി | 2442313 | 2289318 | 17091 | 158473 |

| | | | | |
|---|---|---|---|---|
| തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | | | | |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2442313 | 2266754 + 22564 (Advance) | 4724 | *158473 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | (350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | *(166399 /105X100)= 158475 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1. മുൻകൂർ തുക പൊരുത്തപ്പെടുന്നില്ല.

2."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിലും വാർഷിക കണക്കിലും കണക്കാക്കപ്പെടുന്നില്ല.

B)വസ്തു നികുതി-നോൺ റെസിഡെൻഷ്യൽ (കുടിശ്ശിക)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

നോൺ-റെസിഡൻഷ്യൽ (കുടിശ്ശിക)

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| ഡി.സി.ബി തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 332381 | 50079 | 282302 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | * 282310 | 50079 | ** 282310 |
| | (2021-22 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) *(154626 + 141800 =296426/105*100 = 282310) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | **(296426/105X100)=282310, ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

ഡിമാന്റ് തുകകൾ പൊരുത്തപ്പെടുന്നില്ല.

### 1-1-14 ലൈബ്രറി സെസ്സ് ഇനത്തിലെ തുകകളും വാർഷിക കണക്കിലെ തുകകളും പൊരുത്തപ്പെടുന്നില്ല

തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 284614 രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 284615 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന “431910101 State Govt. Cesses/levies In Property Tax Control Account” എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്ട് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല, മറിച്ച് 285157 രൂപയാണ്.

### 1-1-15 വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | വരുമാനം | മുൻകൂർ ശീർഷകം | 31/3/2023 ലെ മുൻകൂർ തുക |
|---|---|---|---|
| 1 | തൊഴിൽ നികുതി | 350410102-Advance Collection Of Revenues- Profession Tax/ Institutions/ Professionals/ Traders | 318370 |
| 2 | ലൈസൻസ് ഫീസ് | 350410301-Advance Collection Of Revenues-Licence Fees For For Factories, Traders, Enterprenures And Other Services | 202515 |
| 3 | വാടക | 350410401-Advance Collection Of Revenues-Rent From Building | 3117 |

### 1-1-16 ആസ്തി രജിസ്റ്റർ ഓഡിറ്റിൽ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ സൂക്ഷിക്കുന്നില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

### 1-1-17 വായ്പാ വിവരങ്ങൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

(A) വായ്പ (കെ.യു.എഫ്.ആർ.ഡി.സി) ഇനത്തിൽ തൻവർഷം 2527226 രൂപ മുന്നിരിപ്പും, 2169505 രൂപ വരവുമുണ്ട്. ആയതിൽ 1846773 രൂപ തിരിച്ചടച്ചിട്ടുണ്ട്. 31/3/2023 ൽ 2,849,958.00 രൂപ തിരിച്ചടക്കാൻ ബാക്കിയുണ്ട്. എന്നാൽ ഈ വിവരങ്ങൾ വായ്പ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

(B) വായ്പ (ശതാബ്ദി ഭവന വായ്പാ പദ്ധതി) രജിസ്റ്റർ പ്രകാരം വായ്പ ഇനത്തിൽ തൻവർഷം 2870000 രൂപ മുന്നിരിപ്പുണ്ട്. ആയതിൽ 1069200 രൂപ മുതലിനത്തിലും 192329 രൂപ പലിശയിനത്തിലും തിരിച്ചടച്ചിട്ടുണ്ട്. 31/3/2023 ൽ 1800800 രൂപ തിരിച്ചടക്കാൻ ബാക്കിയുണ്ട്. എന്നാൽ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-5 ൽ ചേർത്തിട്ടുള്ളത് 28,70,000 രൂപ എന്നാണ്. ആയത് 2023-24 ൽ തിരുത്തേണ്ടതാണ്.

## 1-1-18 വസ്തു നികുതി-സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ നടത്തുന്നില്ല

1/4/2022ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2022-23 ൽ അസസ്സ് ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2022-23 വർഷത്തിൽ പറപ്പൂക്കര ഗ്രാമപഞ്ചായത്തിൽ 249 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2022-23 ലെ "110100101-Property Tax On Residential Building"എന്ന ശീർഷകത്തിലേയും "110100102-Property Tax On Non Residential Building" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2022-23 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒരു തവണയായി 31/3/23 ൽ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ്വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-1-19 Prior Period-ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ സൂക്ഷിക്കുന്നില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18, ഐ-19) പ്രകാരം "290000000-Prior Period Income", "190000000-Prior Period Expenditure "എന്ന ഷെഡ്യൂളുകളിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡീച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18, I-19) | 31/3/2023 ലെ ലെഡ്ജർ ബാക്കി |
|---|---|
| 290800701- Prior Period Expense – Miscallaneous Expeneses | -363431 |
| 190100101-Prior Period Income-Property Tax | 42163 |

## 1-1-20 ജേണൽ മുഖേനയുള്ള രേഖപ്പെടുത്തലുകൾ-അനുബന്ധ രേഖകൾ സൂക്ഷിക്കുന്നില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ് (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ

രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

### 1-1-21 ലെഡ്ജർ ബാലൻസുകളും ബന്ധപ്പെട്ട രജിസ്റ്ററുകളും പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം58(2)(ഇ),(ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

2. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (വ്യാപാരികൾ)

3. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

4. ലേലം രജിസ്റ്റർ

5. വാടക ഡിമാന്റ് രജിസ്റ്റർ

### 1-1-22 ഡിപ്രിസിയേഷൻ-അതാത് ആസ്തികളുടെ ശീർഷകങ്ങളുടെയോ ആസ്തികളുടെ ഗണത്തിനനുസരിച്ചോ (Block Of Assets) പുനക്രമീകരിച്ചിട്ടില്ല

"സാംഖ്യ" സോഫ്റ്റ്‌വെയറിൽ നിന്നും ILGMS സോഫ്റ്റ്‌വെയറിലെ ഫിനാൻസ് മൊഡ്യൂളിലേയ്ക്ക് മാറിയപ്പോൾ ആസ്തികൾ ഉൾപ്പെടെയുള്ളവയുടെ ശീർഷകങ്ങൾ വിഭജിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ആസ്തികളുടെ ഡിപ്രിസിയേഷൻ, അക്യുമുലേറ്റഡ് ഡിപ്രിസിയേഷൻ ശീർഷകങ്ങൾ മേൽ രീതിയിൽ വിഭജിക്കപ്പെട്ട ശീർഷകങ്ങൾക്കനുസരിച്ചോ ആസ്തികളുടെ സ്വഭാവം അനുസരിച്ചുള്ള ഗണത്തിനനുസരിച്ചോ പുനക്രമീകരിക്കാത്തതിനാൽ ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല.

### 1-1-23 14020 രൂപയുടെ ഇൻവെസ്റ്റ്മെന്റുകൾ ഭൗതിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B12 പ്രകാരം 420500101-Investments –Equity Shares ഇനത്തിൽ 14020 രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ ഇൻവെസ്റ്റ്മെന്റുകൾ ഭൗതിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ അവയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

### 1-1-24 ചെലവഴിക്കാൻ അവശേഷിക്കുന്ന തുകകളും അവ നിക്ഷേപിച്ച ബാങ്ക് അക്കൗണ്ടുകളുടെ നീക്കിയിരിപ്പ് തുകകളും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/23 ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ 31/3/23 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. ഇപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു. കൂടാതെ പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ, ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. അപാകത പരിഹരിക്കേണ്ടതാണ്.

| | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4 | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-17 |
|---|---|---|

| ക്രമ നമ്പർ | ശീർഷകം | ഇനം | തുക | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
|---|---|---|---|---|---|---|
| 1 | 320200104 | Development Fund – Central Finance Commission Grant – Basic Tax Grant | 4406820 | 450210102 | CFC PFMS (855410110011979), CFC PFMS Kerala Bank (80015197357) | 2133694 + 45595 = 2179289 |
| 2 | 320200113 | Development Fund – Central Finance Commission Grant – Tied Fund | 6338995 | | | |
| 3 | 320100195 | Donations Related To Pandemic/ Epidemic Control | 2266 | 450210101 | Covid Donation BOI (11265) | 2055 |
| 4 | 320100204 | Grants For Specific Purposes- Health Grant Towards Conversion Of PHC And Subcentres | 111871 | 450240139 | SBI HEALTH GRANT CONVERSION PHC (40977639628) | 1871 |
| 5 | 320100202 | Grants For Specific Purposes- Health Grant Towards Support Of Diagnostic Infrastructure To The PHCs | 240318 | 450240139 | SBI Health Grant Diagnostic 40977643216 | 3875 |
| 6 | 320700105 | Contributions For Joint Venture Projects(For Capital Expenditure)- From District Panchayats | 730229 | 450210201 | Joint Venture Treasury Old 799011400001006 | 632046 |
| 7 | 320700204 | Contributions For Joint Venture Projects(For Revenue Expenditure)- From Block Panchayats | 941271 | | | |
| 8 | 320700205 | Contributions For Joint Venture Projects(For Revenue Expenditure)- From District Panchayats | 121812 | | | |
| 9 | 320700304 | Contributions For | 10000 | | | |

| | | | | | | |
|---|---|---|---|---|---|---|
| | | Other Specific Purposes (For Capital Expenditure)- From Block Panchayats | | | | |
| 10 | 320700404 | Contributions For Other Specific Purposes (For Revenue Expenditure)- From Block Panchayats | 100000 | | | |
| 12 | 320100197 | Litreracy Scheme Grant | 1,00,000 | 450210101 | Saksharatha BOI (855412100002879) | 3083 |
| 13 | 320100160 | Rural Housing- Housing For All | 0 | 450210101 | Life Mission BOI (3645) | 703800 |
| 14 | 320100105 | Awards And Honours- Cenral Govt | 100000 | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. | | |
| 15 | 320100130 | Member Of Parliament Local And Development Scheme | 5342 | | | |
| 16 | 320200305 | Grants, Funds & Contributions For Specific Purposes - Other Than Development Fund And State Sponsored Scheme Funds - Grant For Drinking Water Schemes | 3000 | | | |
| 17 | 320900102 | Donations Related To Pandemic/Epidemic Control | 8855 | | | |

## 1-1-25 ബാധ്യതകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല

താഴെ ചേർത്തിരിക്കുന്ന ബാലൻസ്ഷീറ്റ് പ്രകാരം ബി-17 പ്രകാരമുള്ള പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി-4 ൽ കാണുന്നില്ല.

| ക്രമ നമ്പർ | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
|---|---|---|---|
| 1 | 450210102 | SCB Nellai Parappukkara 10210001006463 | 30145 |

## 1-2 ബജറ്റ്

| | | |
|---|---|---|
| പാസ്സാക്കിയ തീയതി | 27/03/2022 | |
| കമ്മിറ്റി തീരുമാനം | 1(1) | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 190694805 | 186052200 |
| റിവൈസ്ഡ് ബജറ്റ് | | |
| പാസ്സാക്കിയ തീയതി | 31/03/2023 | |
| കമ്മിറ്റി തീരുമാനം | 6(1) | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 221504804 | 210238706 |

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ലാപ്സായ തുക*/ നീക്കിയിരിപ്പ്** |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 19873000 | 19873000 | 18005580 | 1867420* |
| വികസന ഫണ്ട്-എസ്.സി.പി | 0 | 11659000 | 11659000 | 10555483 | 1103517* |
| വികസന ഫണ്ട്-ടി എസ്.പി | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് | 0 | 15048000 | 15048000 | 10717321 | 4330679* |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 5487000 | 5487000 | 4238689 | 1248311* |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ബാങ്ക് -ടൈഡ്) | 861136 | 3545684 | 4406820 | # | # |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ബാങ്ക് –അടിസ്ഥാന ഗ്രാന്റ് ) | 1154995 | 5184000 | 6338995 | # | # |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ട്രഷറി-ടൈഡ്) | ഇല്ല | 1103628 | 1103628 | # | # |

| | | | | | |
|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ട്രഷറി അടിസ്ഥാന ഗ്രാന്റ്) | ഇല്ല | 10273 | 10273 | # | # |
| ICDS | 938389 | 1276964 | 2215353 | 963335 | 1252018** |
| Suchitwa Mission | 276911 | 0 | 276911 | 0 | 276911** |
| Total Sanitation | 388060 | 0 | 388060 | 96215 | 291845** |
| Vimukthi | 28338 | 0 | 28338 | 22400 | 5938** |
| Health Grant -Diagonostic Infrastructure | 0 | 240318 | 240318 | 236443## | 3875## |
| Health Grant -Wellness Centres | 0 | 111871 | 111871 | 110000## | 1871## |

# ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം സി.എഫ്.സി ഗ്രാന്റിനത്തിൽ 9488770/- രൂപ (5550215(CFC - Tied) + 3938555 (CFC Untied)) ചെലവുണ്ട്. എന്നാൽ Income & Expenditure പത്രിക പ്രകാരം 924617/- രൂപ മാത്രമാണ് ചെലവ് രേഖപ്പെടുത്തിയത്. കൂടാതെ 320200104- Development Fund - Central Finance Commission Grant - Basic Tax Grant, 320200113 - Development Fund – Central Finance Commission Grant – Tied Fund ബാധ്യതാശീർഷകത്തിൽ തൻ വർഷം ചെലവ് ചെയ്തതിന്റെ ബാധ്യതകൾ കുറവ് ചെയ്തിട്ടില്ല. ബാങ്ക് ബുക്ക്, ലെഡ്ജർ എന്നിവ പ്രകാരം സി.എഫ്.സി ഗ്രാന്റിന്റെ ടൈഡ്, അൺടൈഡ് എന്നിവ വേർതിരിച്ച് ലഭ്യമല്ലാത്തതിനാൽ ചെലവ്, നീക്കിയിരിപ്പ് വിവരങ്ങൾ ചേർത്തിട്ടില്ല.

## Health Grant-diagonostic Infrastructure, Health Grant -Wellness Centres എന്നീ ഇനങ്ങളിലെ ചെലവ് തുകകൾ 320100102 –Grants For Specific Purposes - Health Grant Towards Support For Diagnostic InfraStructure To The PHCs, 320100204 –Grants For Specific Purposes - Health Grant Twards Conversion Of PHCs And Subcentres In To Health And Wellness Centres ബാധ്യതാശീർഷകത്തിൽ കുറവ് ചെയ്തിട്ടില്ല. കൂടാത റവന്യൂ ചെലവിന് തത്തുല്യമായ തുകകൾ ഇൻകം & എക്സ്പെന്റീച്ചർ പത്രികയിൽ വരുമാനമായും ക്യാപ്പിറ്റൽ ചെലവിന് തത്തുല്യമായ തുകകൾ ബാലൻസ് ഷീറ്റിൽ ആസ്തിശീർഷകത്തിലേക്കും മാറ്റി ക്രമീകരിച്ചിട്ടില്ല.

<u>മറ്റ് അപാകതകൾ</u>

1) സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വികസന ഫണ്ട്-ജനറൽ, വികസന ഫണ്ട്-എസ്.സി.പി. എന്നീയിനങ്ങളിൽ ലഭിച്ച വരവുകളിൽ അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം, ലൈഫ് മിഷൻ വായ്പാതിരിച്ചടവ് എന്നീയിനങ്ങളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുക ഉൾപ്പെടുന്നില്ല. എന്നാൽ പ്രസ്തുത ഫണ്ടുകളുടെ ചെലവുകളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകകൾ ഉൾപ്പെടുന്നുമുണ്ട്. ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകകൾ കൂടി ഉൾപ്പെടുത്തിയാണ് മേൽ പട്ടികയിൽ വരവുകളും ചെലവുകളും രേഖപ്പെടുത്തിയിരിക്കുന്നത്.

2) സി.എഫ്.സി ടൈഡ്, സി.എഫ്.സി അൺടൈഡ് എന്നിവയുടെ മുന്നിരിപ്പ് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ കാണിച്ചിട്ടില്ല. വരവിൽ പലിശ ഉൾപ്പെടുത്തിയിട്ടില്ല.

3) Awards And Honours-Central Government, MP Fund, Grants/funds For Pandemic/epidemic Control, Specific Purpose Fund-grant For Drinking Water Schemes, Donations Related To Pandemic/epidemic Control,

Saksharatha എന്നിവയ്ക്ക് ACR സൂക്ഷിച്ചിട്ടില്ലാത്തതിനാൽ B-4 Schedule ൽ ഉള്ള പ്രസ്തുത ഹെഡുകളുടെ വിവരങ്ങൾ ചേർത്തിട്ടില്ല.

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അംഗീകരിച്ച പദ്ധതി അടങ്കൽ തുക | നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കിയ പദ്ധതി ചെലവ് തുക | നടപ്പാക്കിയ പദ്ധതിത്തുകയുടെ ശതമാനം | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|
| 224 | 11,70,97,788 | 176 | 7,17,49,301 | 61 | 79 |

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1612 | 12,42,644 | 12,44,256 | 12,44,256 | 0 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 2,65,13,168 | 2,65,13,168 | 2,65,13,168 | 0 |
| മെറ്റിരീയൽ കോസ്റ്റ് | 0 | 13,06,067 | 13,06,067 | 13,06,067 | 0 |
| ആകെ | 1612 | 2,90,61,879 | 2,90,63,491 | 2,90,63,491 | 0 |

## 1-6 ക്ഷേമ പദ്ധതികൾ

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 6560000 | 647 |
| വിധവാപെൻഷൻ | 14724200 | 1369 |
| വാർദ്ധക്യകാല പെൻഷൻ | 28369800 | 2714 |
| വികലാംഗ പെൻഷൻ | 3849200 | 349 |
| 50 വയസ്സിന്മേൽപ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1202000 | 110 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധന സഹായം | 120000 | 4 |

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.10.2023 തീയതിയിൽ 3:30 PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബുക്ക് പ്രകാരമുള്ള 5,734/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മകൾ ഈ റിപ്പോർട്ടിലെ ഭാഗം ഒന്നിലെ വിവിധ ഖണ്ഡികകളിലായി ചേർത്തിട്ടുണ്ട്.

## 1-9 തനത് വരുമാനം-പൊതുഅവലോകനം

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം

ഗ്രാമ പഞ്ചായത്തിന്റെ തനത് വരുമാനത്തിലെ കുടിശ്ശിക നിവാരണത്തിന്റെ ഭാഗമായി 2022 ഒക്ടോബർ, 2023 നവംബർ മാസങ്ങളിൽ എല്ലാ വാർഡുകളിലും വസ്തുനികുതി കളക്ഷൻ ക്യാമ്പുകൾ സംഘടിപ്പിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി മൈക്ക് അനൗൺസ്മെന്റ്, പൊതുജനങ്ങൾക്ക് നോട്ടീസ് വിതരണം പോലെയുള്ള പ്രചാരണ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പറപ്പൂക്കര ഗ്രാമപഞ്ചായത്ത് 2017-18 മുതൽ 100% നികുതി പിരിവ് കൈവരിച്ചതിനാൽ 01.06.2022ലെ സ.ഉ.(കൈ) നം.117/2022/LSGD പ്രകാരം കുടിശ്ശികയും, അത് ഏത് കാലയളവിലെ കുടിശ്ശികയാണെന്നും സൂചിപ്പിക്കുന്ന രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ടെങ്കിലും വാർഷികകണക്കിലെ ബാലൻസ്ഷീറ്റ് പ്രകാരം വസ്തുനികുതിയിനത്തിൽ കുടിശ്ശിക ഉള്ളതായി കാണുന്നു. നികുതി വരുമാനത്തിന്റെ ഡി.സി.ബി സ്റ്റേറ്റ്മെന്റുകൾ തയ്യാറാക്കി മൂന്നുമാസത്തിലൊരിക്കൽ ഭരണസമിതി യോഗത്തിൽ സമർപ്പിക്കുന്നില്ല. ഡി.സി.ബി സ്റ്റേറ്റ്മെന്റുകൾ സാമ്പത്തിക വർഷാവസാനം ധനകാര്യ കമ്മിറ്റിയിൽ അവതരിപ്പിക്കുന്നത് ജനറൽ ഭരണസമിതിയോഗത്തിൽ അംഗീകരിച്ചുവരുന്നുണ്ട്. അതുപ്രകാരം സ്റ്റാഫ് യോഗത്തിലും കളക്ഷൻ സ്റ്റാഫ് യോഗത്തിലും നിർദ്ദേശങ്ങൾ നൽകിവരുന്നു. നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനം മൂന്നുമാസത്തിലൊരിക്കൽ ഗ്രാമസഭകളിലും വാർഡ് മീറ്റിംഗുകളിലും നടത്തുന്നില്ല. ഓഡിറ്റ് നിർദ്ദേശം പാലിക്കുന്നതിനായി ഇനി മുതൽ ശ്രദ്ധിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി നം.01/17.10.2023)

വരുമാന വർദ്ധനവ്

കഴിഞ്ഞ രണ്ട് വർഷത്തെ നികുതി നികുതിയേതര വരുമാനങ്ങളുടെ വർദ്ധനവ് താഴെ ചേർക്കും പ്രകാരമാണ്.

| ഇനം | 2021-22 | 2022-23 | വർദ്ധനവ് ( % ) | |
|---|---|---|---|---|
| വസ്തുനികുതി റെസിഡൻഷ്യൽ | 3172571 | 3295895 | 3.88% | 249 കെട്ടിടങ്ങൾ പുതുതായി അസ്സസ്സ് ചെയ്തു |
| വസ്തുനികുതി നോൺ റെസിഡൻഷ്യൽ | 2304692 | 2442313 | 5.97% | |
| തൊഴിൽ നികുതി- സ്ഥാപനങ്ങൾ, ട്രേഡേഴ്സ് & പ്രൊഫഷണൽസ് | 457430 | 477200 | 4.32% | |
| തൊഴിൽ നികുതി - ജീവനക്കാർ | 1191680 | 1249430 | 4.84% | |
| FACTEOS ലൈസൻസ് | 214250 | 220500 | 2.91% | |

വസ്തുനികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീ എന്നിവയുടെ ഡിമാന്റ് തുക കണക്കാക്കുന്നതിലെ കൃത്യത ഉറപ്പാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ ഭൂമിയുടെയും അതിന്റെ വിനിയോഗത്തേയും, കെട്ടിടങ്ങളേയും സംബന്ധിക്കുന്ന മാസ്റ്റർ ഡാറ്റാ ബേസ് ഇല്ലാത്തതാണ്. ആയതിനാൽ മുഴുവൻ നികുതി നികുതിയേതര വരുമാനങ്ങളുടെയും ഡിമാന്റ് പൂർണ്ണമായും നടത്തിയോ എന്ന പരിശോധന നടത്താൻ സ്ഥാപനത്തിനോ ഓഡിറ്റിനോ സാധിക്കുന്നില്ല.

വസ്തുനികുതി

01.04.2023 ലെ വസ്തു നികുതി പരിഷ്കരണങ്ങൾ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശയോടെ സർക്കാർ നിശ്ചയിച്ച പരിധിക്കുള്ളിൽ നിന്നുകൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സാമ്പത്തിക സ്ഥിതി ,മറ്റു പ്രത്യേകതകൾ എന്നിവ പരിഗണിച്ച് ഓരോ കെട്ടിട വിഭാഗത്തിന്റെയും അടിസ്ഥാന നിരക്കുകൾ, ഗ്രാമപഞ്ചായത്ത് ഭൂപ്രദേശത്തെ മേഖല തരംതിരിവ് എന്നിവ സംബന്ധിച്ച കരട് വിജ്ഞാപനം 01.04.2023 പ്രാബല്യത്തിൽ പറപ്പൂക്കര ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 19.04.2023 തീയതിയിലെ 2(1) നമ്പർ തീരുമാനപ്രകാരം SC/4708/2023 നമ്പറായി 07.07.2023 തിയതിയിൽ വിജ്ഞാപനം ചെയ്തിരുന്നു. നിശ്ചിത സമയ പരിധിക്കുള്ളിൽ കരട് വിജ്ഞാപനത്തിന് പരാതികളും ആക്ഷേപങ്ങളും ലഭിക്കാത്ത സാഹചര്യത്തിൽ പറപ്പൂക്കര ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 16.08.2023 തീയതിയിലെ 7(1) നമ്പർ തീരുമാനപ്രകാരം അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

01.04.2023 തീയതിയിലെ വസ്തു നികുതി പരിഷ്കരണം സംബന്ധിച്ച് IKM -ൽ നിന്നും സോഫ്റ്റ്‌വെയർ അപ്ഡേഷൻസ് ലഭ്യമാകാത്തതിനാൽ സഞ്ചയ സോഫ്റ്റ്‌വെയറിൽ പുതിയ നിരക്ക് അപ്ഡേറ്റ് ചെയ്തിട്ടില്ല. ആയതിനാൽ പുതുക്കിയ നിരക്കിൽ നിലവിൽ (01.04.2023 മുതൽ) നികുതി ഈടാക്കി തുടങ്ങിയിട്ടില്ല. വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി ഡാറ്റാ പ്യൂരിഫിക്കേഷൻ നടത്തി ഡാറ്റാ ലോക്ക് ചെയ്തിട്ടില്ല.
2022-23 ലെ വസ്തു നികുതി പരിഷ്കരണത്തിന്റെ ഭാഗമായി നിലവിലുള്ള വസ്തു നികുതിയുടെ 5% വർദ്ധനവ് സംബന്ധിച്ച് സോഫ്റ്റ്‌വെയർ അപ്ഡേഷൻ നടത്തിയിട്ടുണ്ട്. 5% വർദ്ധനവിൽ നികുതി നിലവിൽ ഈടാക്കുന്നുണ്ട്. 2011-ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 7 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രഥമം, ദ്വിതീയം, തൃതീയം എന്നിങ്ങനെ മേഖലകളായി തരം തിരിക്കേണ്ടതും, ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. കെട്ടിടങ്ങൾക്ക് വസ്തു നികുതി നിർണയിക്കുമ്പോൾ പ്രസ്തുത മേഖലകളുടെ അടിസ്ഥാനത്തിലാണ് നികുതി ഇളവ് അനുവദിക്കേണ്ടത്. ഗ്രാമപഞ്ചായത്ത് ഭൂപ്രദേശത്തെ പ്രഥമം, ദ്വിതീയം എന്നിങ്ങനെ മേഖലകൾ ആയി തരംതിരിച്ച് വിജ്ഞാപനം ചെയ്തിട്ടുണ്ടെങ്കിലും പഞ്ചായത്തിൽ മേഖലാ തലത്തിലുള്ള മാപ്പ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. പഞ്ചായത്തിൽ വാർഡ് തലത്തിലുള്ള റോഡ് ലിസ്റ്റ് തയ്യാറാക്കി സഞ്ചയയിൽ ചേർത്തിട്ടുണ്ട് എന്നാൽ റോഡ് മാപ്പ് തയ്യാറാക്കിയിട്ടില്ല.

ഉറസ്സായ സ്ഥലവും പാർക്കിംഗ് സ്ഥലവും കയ്യേറി നടത്തുന്ന അനധികൃത കെട്ടിട നിർമ്മാണങ്ങൾ നിലവിൽ ശ്രദ്ധയിപ്പെട്ടിട്ടില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. അത്തരത്തിലുള്ള അനധികൃത കെട്ടിട നിർമ്മാണങ്ങൾ കണ്ടെത്തുന്നതിനായി സർക്കുലർ RB3/178/2020-ത.സ്വ.ഭ.വ തിയതി.20.06.2022 പ്രകാരം ഫീൽഡ് സന്ദർശനങ്ങൾ നടത്തുകയും കണ്ടെത്തുന്ന അനധികൃത നിർമ്മാണങ്ങൾ പൊളിച്ചുകളയുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.
സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം നിലവിലുള്ള കെട്ടിടങ്ങൾ പരിശോധിച്ചതിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ കുറവ് നിരക്കിലുള്ള ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയിച്ചതായി കാണുന്നു. പുതിയ വിജ്ഞാപന പ്രകാരം നികുതി നിരക്കുകൾ പരിഷ്കരിക്കുമ്പോൾ ടി കെട്ടിടങ്ങൾക്ക് തെറ്റായ നിരക്കിൽ നികുതി നിർണയിക്കാനുള്ള സാധ്യത വളരെ കൂടുതലാണ്. മാത്രമല്ല ഇത്തരത്തിൽ നികുതി നിർണയം നടത്തുമ്പോൾ വൻ തോതിലുള്ള വരുമാന നഷ്ടത്തിനും ഇടയുണ്ട്. ആയതിനാൽ കെട്ടിടങ്ങളിൽ സ്ഥല പരിശോധന നടത്തിയതിനു ശേഷം ബാധകമായ നിരക്കിൽ നികുതി നിർണയിക്കേണ്ടതാണ്.

സേവന ഉപനികുതി

പഞ്ചായത്ത് നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള സേവന ഉപനികുതി (ജലവിതരണം ശുചിത്വ പരിപാലനം തെരുവുവിളക്കുകൾ ഡ്രയിനേജ് തുടങ്ങിയവ) ചുമത്തുകയും പിരിച്ചെടുക്കുകയും ചെയ്യുന്നില്ല. ആയതിനുള്ള സാധ്യത പരിശോധിച്ച് ഭരണ സമിതിക്ക് തുടർനടപടി സ്വീകരിക്കാവുന്നതാണ്. കേന്ദ്രസർക്കാർ സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ ഇല്ല.

തൊഴിൽ നികുതി

സ്ഥാപനങ്ങൾ, ജീവനക്കാർ, സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ (അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്തു നടത്തിയ കരാറുകാർ, ഗ്രാമപഞ്ചായത്തിലെ ബിൽഡിങ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ തുടങ്ങിയവർ) സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി കൊടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റ ബേസ് സൂക്ഷിക്കുന്നില്ല. നികുതി അടവാക്കിയവരുടെ വിവരങ്ങൾ മാത്രമാണ് ഡിമാന്റ് രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടുള്ളത്. തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരം ഡിമാന്റ് നോട്ടീസ് വിതരണം ചെയ്യുന്നുണ്ട്.

വിനോദനികുതി

അമ്യൂസ്മെന്റ് പാർക്ക്, ടർഫ് കോർട്ട്, ഇൻഡോർ ക്ലബ്ബ്/സ്റ്റേഡിയം, നീന്തൽകുളങ്ങൾ, കേബിൾ ടിവി നെറ്റ്‌വർക്ക് എന്നിവയ്ക്ക് നിലവിൽ പഞ്ചായത്തിൽ പ്രവർത്തന അനുമതി നല്കിയിട്ടില്ല. 2022-23 സാമ്പത്തികവർഷത്തിൽ പഞ്ചായത്ത് പരിധിയിൽ വിപണനമേളകൾ ഒന്നും തന്നെ നടന്നിട്ടില്ല. പഞ്ചായത്ത് പരിധിയിൽ സിനിമ തീയറ്ററുകളൊന്നും പ്രവർത്തിക്കുന്നില്ല. ആയതിനാൽ തന്നെ പഞ്ചായത്തിന്

വിനോദനികുതി ഇനത്തിൽ വരുമാനമില്ല.

നികുതിയേതര വരവുകൾ

(1) വ്യവസായങ്ങൾക്കും, ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ്

പഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കുന്നുണ്ട്. കേരള പഞ്ചായത്ത് രാജ് (വ്യവസായങ്ങൾക്കും, ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും) ലൈസൻസ്, ഭേദഗതി ചട്ടങ്ങൾ, 2017 ലെ ചട്ടം 18, 21, 24 എന്നിവ പ്രകാരം പരിശോധന നടത്തിയിട്ടുണ്ട്.

(2) ലേലം, വാടക, ഫലവൃക്ഷങ്ങൾ എന്നിവയിൽ നിന്നുള്ള ആദായം സംബന്ധിച്ച പരിശോധന

കാലഹരണപ്പെട്ട ആസ്തികൾ യഥാസമയം ലേലം ചെയ്യുന്നുണ്ട്. വാടകയിനത്തിൽ 2022-23 വർഷം പഞ്ചായത്തിന് നല്ലൊരു തുക വരുമാനമായി ലഭിച്ചിട്ടുണ്ട്. മുൻ വർഷങ്ങളിലെ വാടക കുടിശ്ശികയിനത്തിൽ പഞ്ചായത്തിന് ലഭിക്കാനുള്ള തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3) മറ്റിനങ്ങൾ

പ്രാദേശിക/പാരിസ്ഥിതിക അവസ്ഥയ്ക്കനുസരിച്ച് ലഭ്യമാകാവുന്ന വരവുകൾ (നിലവിൽ ലഭിക്കുന്നത്/ഭാവിയിൽ വരുമാന മാർഗ്ഗമാക്കാവുന്നത്) കണ്ടെത്തിയിട്ടില്ല. ആയത് സംബന്ധിച്ച് സാധ്യതാപഠനത്തിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ ആകെ 60 ദിവസത്തിൽ കുറയാതെ താമസിച്ചു കൊണ്ട് അതിന് വെളിയിലോ, ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ പൊതുവോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ മുതൽ മുടക്കുകളിൽ നിന്ന് ഏതെങ്കിലും ആദായം ലഭിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നതോ ആയ ഏതൊരാളും തൊഴിൽ നികുതി നല്കുവാൻ ബാധ്യസ്ഥരാണ് (കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204).

ആയത് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ അംഗീകൃത കരാറുകാരിൽ നിന്നും പരമാവധി തൊഴിൽ നികുതി ഈടാക്കാവുന്നതാണ്. ലോക്കൽ ഇൻഫ്രാസ്ട്രക്ച്ചർ ഡിപ്പാർട്ട്മെന്റ് എഞ്ചിനീയറിംഗ് വിംഗിൽ നിന്നും ലഭ്യമാക്കിയ രേഖകളും, തൊഴിൽനികുതി ഡിമാന്റ് രജിസ്റ്ററും ഒത്ത് പരിശോധിച്ചതിൽ 2022-23 സാമ്പത്തികവർഷം തൊഴിൽനികുതി അടവാക്കാതെ പറപ്പൂക്കര ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കരാറുകാരുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

- ഡേവിസ് എൻ. പി
- അനീഷ് സി. എസ്
- ശീർഷ കെ. പി
- സ്പാർക്ക് വേ കൺസ്ട്രക്ഷൻസ്
- മറ്റത്തൂർ ലേബർ കോൺട്രാക്ട്സ് സൊസൈറ്റി
- ഷംസുദ്ദീൻ കെ. കെ
- റോജോ ജോസ്
- ഷാർജാസ് എ
- ജോൺ ബോസ്കോ

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.05/20.10.2023) മേൽപ്പറഞ്ഞ കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തൊഴിൽനികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അഥവാ അവർ മറ്റു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തൊഴിൽ നികുതി അടച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ്

ലഭ്യമാക്കേണ്ടതാണ്.

## 1-11 ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല

2022-23 സാമ്പത്തികവർഷത്തെ തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്ററും സ്ഥാപനങ്ങൾ FACTEOS ലൈസൻസിനായി സ്ഥാപനങ്ങൾ സമർപ്പിച്ച അപേക്ഷകളും പരിശോധിച്ചപ്പോൾ ചുവടെ പറയുന്ന സ്ഥാപനങ്ങൾ സ്ഥാപനം പ്രവർത്തിക്കുന്നതിനാവശ്യമായ ജീവനക്കാരുടെ എണ്ണം അപേക്ഷയിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും ഈ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കുന്നതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ആവശ്യമായ ജോലിക്കാരുടെ എണ്ണം |
|---|---|---|
| 1 | കൃഷ്ണ കോൺക്രീറ്റ് പ്രോക്ട്സ് | 5 |
| 2 | ദേവി ഹോളോബ്രിക്സ് | 5 |
| 3 | All Saints Timber Industries | 6 |
| 4 | സൂര്യ വുഡ് ഡിസൈൻസ് (4/65) | 7 |
| 5 | സൂര്യ വുഡ് ഡിസൈൻസ് (11/448) | 7 |
| 6 | SS പോളിമേഴ്സ് | 18 |
| 7 | നോവ മാർക്കറ്റിംഗ് | 19 |
| 8 | പാലക്കാട് സിറാമിക്സ് | 9 |
| 9 | കാളൻ ആര്യവൈദ്യശാല | 8 |
| 10 | പ്രിൻസ് മെറ്റൽ പ്രോഡക്ട്സ് | 7 |
| 11 | സെഞ്ച്വറി ടൈൽസ് & സാനിറ്ററീസ് | 7 |
| 12 | ശിവ പാർവ്വതി മാർജിൻഫ്രീ മാർക്കറ്റ് | 7 |
| 13 | ശാന്തി ഫുഡ് ഇന്റസ്ട്രീസ് & ഹോണസ്റ്റ് കാറ്ററേഴ്സ് | 7 |
| 14 | സുഭാഷ് ക്രഷേഴ്സ് | 7 |
| 15 | പ്രകാശ് എന്റർപ്രൈസസ് & ഓയിൽമിൽ | 5 |
| 16 | M/S Rime Rich Foods Pvt. Ltd | 10 |
| 17 | RP Furniture Industries | 8 |
| 18 | നാഷണൽ ടൈൽസ് | 6 |
| 19 | ചന്ദ്ര കോൺക്രീറ്റ് ബ്രിക്സ് | 9 |
| 20 | റാണി ഡ്രഗ് ഹൗസ് | 10 |
| 21 | MJ Supermerket | 7 |
| 22 | Golden Spoon Restaurant | 6 |

| | | |
|---|---|---|
| 23 | MV Concretes & Metals (18/407 A) | 7 |
| 24 | MV Concretes & Metals (1/8) | 7 |
| 25 | ക്ലാരിയന്റ് പോളിമേഴ്സ് (15/35 A) | 9 |
| 26 | ക്ലാരിയന്റ് പോളിമേഴ്സ് (15/28) | 6 |
| 27 | ശ്രീ അയ്യപ്പ പെട്രോ പാർക്ക് | 8 |
| 28 | കാളൻ നെല്ലായി | 7 |
| 29 | മന ഗ്രാനൈറ്റ് ഗാലറി | 5 |
| 30 | ഫിംഗർ പ്രിന്റ്സ് | 7 |
| 31 | AAL Agencies | 19 |
| 32 | വേദ ടിവി | 5 |
| 33 | റോയൽ അഗ്രോ ട്രേഡേഴ്സ് | 5 |
| 34 | ശ്രീ അയ്യപ്പ പെട്രോ പാർക്ക് | 5 |
| 35 | Grace Marketing | 5 |

ഇത് സംബന്ധിച്ച് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.05/20.10.2023) ഇക്കാര്യത്തിൽ കൂടുതൽ പരിശോധന നടത്തി ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 പ്രകാരം മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കി കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്. ഭാവിയിൽ ഇത്തരം വീഴ്ചകൾ സംഭവിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. സ്ഥാപനങ്ങൾ ലൈസൻസിനായി അപേക്ഷിക്കുമ്പോൾ അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന ജീവനക്കാരുടെ എണ്ണത്തിനനുസൃതമായി തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്റർ തയ്യാറാക്കി തൊഴിൽനികുതി ഡിമാൻഡ് ചെയ്ത് തനതു വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

## 1-12 വസ്തുനികുതി-മേഖല നിർണ്ണയം-അപാകതകൾ

ഗ്രാമപഞ്ചായത്തിലെ മേഖലാ നിർണ്ണയത്തിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

എ) മേഖലാ ഭൂപടം തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

2011-ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും)ചട്ടങ്ങൾ, ചട്ടം 7 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രഥമം, ദ്വിതീയം, തൃതീയം എന്നിങ്ങനെ മേഖലകളായി തരം തിരിക്കേണ്ടതും, ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. പറപ്പൂക്കര ഗ്രാമപഞ്ചായത്തിനെ വിവിധ മേഖലകളായി തരംതിരിച്ച് വിജ്ഞാപനം ചെയ്തിട്ടുണ്ടെങ്കിലും വാർഡ് തലത്തിലുള്ള മാപ്പ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല (ഓഡിറ്റ് എൻക്വയറി നമ്പർ 01/17.10.2023).

ബി) ഒരേ പ്രദേശത്തെ/കെട്ടിടത്തിലെ സമീപ കെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖല.

ഗ്രാമപഞ്ചായത്തിൽ ഒരേ പ്രദേശത്തെ സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖല നിർണ്ണയം നടത്തിയിട്ടുണ്ട്. പഞ്ചായത്തിലെ ഒന്നാം വാർഡ് മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖല നിർണ്ണയം നടത്തിയതായി കാണുന്നു.

| ക്രമ നം. | കെട്ടിട നമ്പർ | ഉടമയുടെ പേര് | റോഡ് തരം | പ്രദേശം | മേഖല |
|---|---|---|---|---|---|
| 1 | 1/105 | പ്രീത പെരുമ്പയിൽ | 1.5 മീറ്ററിൽ കൂടുതൽ | ചാതനാത്ത് ക്ഷേത്രം റോഡ് | ത്രിതീയം |
| | 1/105 A | വിമല കൊറ്റിക്കൽ വീട് | 1.5 മീറ്ററിൽ കൂടുതൽ | ചാതനാത്ത് ക്ഷേത്രം റോഡ് | ദ്വിതീയം |
| 2 | 1/106 | ഔസേഫ് മൊയലൻ | 1.5 മീറ്ററിൽ കൂടുതൽ | ചാതനാത്ത് ക്ഷേത്രം റോഡ് | ത്രിതീയം |
| | 1/106 A | മണികണ്ഠൻ പുതുപ്പള്ളി വീട് | 1.5 മീറ്ററിൽ കൂടുതൽ | ചാതനാത്ത് ക്ഷേത്രം റോഡ് | ദ്വിതീയം |
| 3 | 1/18 | ദേവദാസ് കൊറ്റിക്കൽ | 1.5 മീറ്ററിൽ കൂടുതൽ | ബണ്ട് റോഡ് | ദ്വിതീയം |
| | 1/138 A | നിഷ മനോജ് തണ്ടാശ്ശേരി വീട് | 1.5 മീറ്ററിൽ കൂടുതൽ | ബണ്ട് റോഡ് | ത്രിതീയം |
| 4 | 1/141 | രാജീവൻ കൊറ്റിക്കൽ | 1.5 മീറ്ററോ അതിൽ കുറവ് | കെ.എസ്. റോഡ് | |
| | 1/141 A | ലീന സത്യൻ വടക്കത്ത് വീട് | 1.5 മീറ്ററോ അതിൽ കുറവ് | കെ.എസ്. റോഡ് | ദ്വിതീയം |
| 5 | 1/147 | പങ്കജാക്ഷൻ കൊറ്റിക്കൽ | 1.5 മീറ്ററിൽ കൂടുതൽ | കാഞ്ഞിരിക്കടവ് റോഡ് | ത്രിതീയം |
| | 1/148 | അജയഘോഷ് കൊറ്റിക്കൽ | 1.5 മീറ്ററിൽ കൂടുതൽ | കാഞ്ഞിരിക്കടവ് റോഡ് | ദ്വിതീയം |
| 6 | 1/152 | സുനിൽകുമാർ കൊറ്റിക്കൽ | 1.5 മീറ്ററിൽ കൂടുതൽ | കാഞ്ഞിരിക്കടവ് റോഡ് | ത്രിതീയം |
| | 1/153 | മിനീഷ് കൊറ്റിക്കൽ | 1.5 മീറ്ററിൽ കൂടുതൽ | കാഞ്ഞിരിക്കടവ് റോഡ് | ദ്വിതീയം |
| 7 | 1/162 | വേലായുധൻ കൊറ്റിക്കൽ | 1.5 മീറ്ററിൽ കൂടുതൽ | കാഞ്ഞിരിക്കടവ് റോഡ് | ദ്വിതീയം |

| | | | | | |
|---|---|---|---|---|---|
| | 1/163 | വിശ്വംഭരൻ ഭാര്യ രാധ മുതൽ പേര് | 1.5 മീറ്ററിൽ കൂടുതൽ | കാഞ്ഞിരിക്കടവ് റോഡ് | ത്രിതീയം |
| 8 | 1/169 | ബാലൻ കൊറ്റിക്കൽ | 1.5 മീറ്ററിൽ കൂടുതൽ | കാഞ്ഞിരിക്കടവ് റോഡ് | ത്രിതീയം |
| | 1/170 | സലീഷും ഭാര്യ ജീനയും | 1.5 മീറ്ററിൽ കൂടുതൽ | കാഞ്ഞിരിക്കടവ് റോഡ് | ദ്വിതീയം |
| 9 | 1/195 | വിജയൻ കൊറ്റിക്കൽ | 1.5 മീറ്ററിൽ കൂടുതൽ | കുണ്ടുകടവ് റോഡ് | ത്രിതീയം |
| | 1/195 A | രാജൻ കൊറ്റിക്കൽ | 1.5 മീറ്ററിൽ കൂടുതൽ | കുണ്ടുകടവ് റോഡ് | ദ്വിതീയം |
| 10 | 1/221 | ആൻറണി ചീനാത്ത് | 1.5 മീറ്ററിൽ കൂടുതൽ | പുതുപ്പള്ളി റോഡ് | ത്രിതീയം |
| | 1/222 | ദിവാകരൻ പാലക്കട | 1.5 മീറ്ററിൽ കൂടുതൽ | പുതുപ്പള്ളി റോഡ് | ദ്വിതീയം |
| 11 | 1/223 | പഴഞ്ഞി മഹാവിഷ്ണു ക്ഷേത്രം | 1.5 മീറ്ററിൽ കൂടുതൽ | പുതുപ്പള്ളി റോഡ് | ദ്വിതീയം |
| | 1/224 | പാർവതി വാരസ്യാർ(മുളങ്ങ് വാരിയത്ത് | 1.5 മീറ്ററിൽ കൂടുതൽ | പുതുപ്പള്ളി റോഡ് | ത്രിതീയം |
| 12 | 1/243 | ബാലകൃഷ്ണൻ തോട്ടത്തി | 1.5 മീറ്ററിൽ കൂടുതൽ | വെള്ളപാടി റോഡ് | ത്രിതീയം |
| | 1/244 | പ്രസാദ് പുതുപ്പള്ളി | 1.5 മീറ്ററിൽ കൂടുതൽ | വെള്ളപാടി റോഡ് | ദ്വിതീയം |
| 13 | 1/247 | അച്ചുതൻ മോനാട്ട് | 1.5 മീറ്ററിൽ കൂടുതൽ | വെള്ളപാടി റോഡ് | ദ്വിതീയം |
| | 1/248 | ഗംഗാധരൻ പാറക്കൽ | 1.5 മീറ്ററിൽ കൂടുതൽ | വെള്ളപാടി റോഡ് | ത്രിതീയം |
| 14 | 1/250 | ജാനകിയമ്മ കണ്ണോളി | 1.5 മീറ്ററിൽ കൂടുതൽ | വെള്ളപാടി റോഡ് | ത്രിതീയം |
| | 1/251 | ഗോപാലൻ | 1.5 | വെള്ളപാടി | ദ്വിതീയം |

| | | | | | |
|---|---|---|---|---|---|
| | | എടക്കാടൻ | മീറ്ററിൽ കൂടുതൽ | റോഡ് | |
| 15 | 1/257 | ക്ഷേത്രം തണ്ടേയ്ക്കപറമ്പിൽ | 1.5 മീറ്ററിൽ കൂടുതൽ | വെള്ളപാടി റോഡ് | ത്രിതീയം |
| | 1/258 | ഗോപി തണ്ടേയ്ക്കപറമ്പിൽ | 1.5 മീറ്ററിൽ കൂടുതൽ | വെള്ളപാടി റോഡ് | ദ്വിതീയം |
| 16 | 1/263 | സിന്ധു ഞാറ്റുവെട്ടി | 1.5 മീറ്ററിൽ കൂടുതൽ | വെള്ളപാടി റോഡ് | ദ്വിതീയം |
| | 1/264 | കാർത്തികേയനും ഭാര്യ കോമളവല്ലിയും | 1.5 മീറ്ററിൽ കൂടുതൽ | വെള്ളപാടി റോഡ് | ത്രിതീയം |
| 17 | 1/267 | ശിവാനന്ദൻ വെള്ളപ്പാടി | 1.5 മീറ്ററിൽ കൂടുതൽ | വെള്ളപാടി റോഡ് | ത്രിതീയം |
| | 1/268 | കുറുമ്പക്കുട്ടി വെള്ളപ്പാടി | 1.5 മീറ്ററിൽ കൂടുതൽ | വെള്ളപാടി റോഡ് | ദ്വിതീയം |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി നം.21/26.10.2023), മേൽ സൂചിപ്പിച്ചിട്ടുള്ള കെട്ടിടങ്ങളിൽ മേഖല തെറ്റായി നിർണ്ണയിച്ചിട്ടുള്ളവയുടെ തെറ്റ് തിരുത്തിയതായും ആയതിന്റെ അടിസ്ഥാനത്തിൽ നികുതി പുനർനിർണ്ണയം നടത്തിയതിന്റെ സഞ്ചയ രേഖകൾ സഹിതം മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 2023-24 വസ്തു നികുതി പരിഷ്കരണത്തിൽ പറപ്പൂക്കര ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രഥമം, ദ്വിതീയം എന്നിങ്ങനെ 2 മേഖലകൾ മാത്രമായാണ് തിരിച്ചിട്ടുള്ളത്. 01.11.2023 മുതൽ സ്ഥലപരിശോധന നടത്തി സഞ്ചയ അപ്ഡേഷൻ നടത്തുമ്പോൾ മറ്റ് വാർഡുകളിലേയും അപാകങ്ങൾ പരിഹരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് മേഖല നിർണ്ണയം സംബന്ധിച്ച അപാകങ്ങൾ പരിഹരിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 വസ്തുനികുതി നിരക്ക് വ്യത്യാസം-ഓഡിറ്റ് എൻക്വയറിയെ തുടർന്ന് നികുതി പുനർനിർണ്ണയം നടത്തി

2011-ലെ കേരള പഞ്ചായത്ത്രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം ഉപയോഗക്രമത്തിനനുസരിച്ച് ഓരോ കെട്ടിടങ്ങൾക്കും അടിസ്ഥാന വസ്തുനികുതി നിരക്ക് ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിക്കേണ്ടതാണ്. വാണിജ്യാവശ്യത്തിനുള്ളവ, 100 ചതുരശ്രമീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ എന്നിവയ്ക്ക് ചതുരശ്ര മീറ്ററിന് അടിസ്ഥാന വസ്തു നികുതി 30/- രൂപയും 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണം ഉള്ളവയ്ക്ക് 60/- രൂപയും, 200 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ എന്നിവയ്ക്ക് 70/- രൂപയുമാണ് പറപ്പൂക്കര ഗ്രാമപഞ്ചായത്തിൽ നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ സഞ്ചയ സോഫ്റ്റ്വെയർ പരിശോധിച്ചതിൽ, 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ എന്നീ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി, 100 ച.മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള താഴെക്കൊടുത്തിരിക്കുന്ന വാണിജ്യകെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതി 30/- രൂപ നിരക്കിൽ ഡിമാന്റ് ചെയ്ത് തുക ഈടാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | ഉടമസ്ഥന്റെ പേര് | വിസ്തീർണ്ണം |
|---|---|---|---|

| | | | (ച.മീ) |
|---|---|---|---|
| 1 | 3/530 | ദേവസ്വം കച്ചേരി ഇരിങ്ങാലക്കുട | 150 |
| 2 | 3/548 | വീനസ് ക്ലബ് | 130 |
| 3 | 4/67 | ദ്രൗപതിയമ്മ മുതൽ പേർ പൂയത്ത് | 102 |
| 4 | 4/105 | കാട്ടുക്കാരൻ ബിൽഡേഴ്സ് പ്രൈ.ലിമിറ്റഡിനുവേണ്ടി മാനേജിങ്ങ് ഡയറക്ടർ മാത്യു ഫ്രാൻസിസ് | 225 |
| 5 | 4/530 | വിനയൻ പുല്ലരിക്കൽ | 178 |
| 6 | 7/349 A | ടി .ആർ .ദാസ് തയ്യിൽ | 246.27 |
| 7 | 8/501 | ഷൈലജ ചന്ദ്രൻ | 200 |
| 8 | 11/184 | ജോണി ഭാര്യ തങ്കമ്മ മുതല്പേർ കാളൻ | 112 |
| 9 | 11/209 A | റിന്റോ താമസ്സടയാട്ടി വീട് | 636.25 |
| 10 | 12/119 | സുകുമാരൻ മകൻ സുധീഷ് തണ്ടാശേരി | 110 |
| 11 | 14/202 | അനന്തു ഐനിക്കത്തറ | 120 |
| 12 | 15/393 B | ജെറി പോൾ ആലപ്പാട്ട് തെക്കേത്തല | 133 |
| 13 | 17/109 | മാനേജിങ്ങ് പാർട്ട്ണർ മേരി വിജയം പോളി പ്രിന്റ്സ് | 188 |
| 14 | 18/271 | ജോൺ മഞ്ഞളി | 108 |
| 15 | 18/296 | റോസ്സി പടിഞ്ഞാറെത്തല | 102 |
| 16 | 18/301 | പ്രദീപ് പുലാക്കൽ | 165 |

വസ്തുനികുതി ഈടാക്കിയതിൽ കുറവ് വന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി നം.08/20.10.2023) മേൽ സൂചിപ്പിച്ച മുഴുവൻ കെട്ടിടങ്ങൾക്കും ചതുരശ്ര മീറ്ററിന് 60/- രൂപ നിരക്കിൽ അടിസ്ഥാന വസ്തു നികുതി പുനർനിർണ്ണയം നടത്തിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടുണ്ട്. പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലേയും കെട്ടിടങ്ങളുടെ വിവരങ്ങൾ പരിശോധിച്ച് ഇത്തരത്തിൽ തെറ്റായി നികുതി നിർണ്ണയം നടത്തിയവ കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

## 1-14 പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷനില്ലാതെ പ്രവർത്തിക്കുന്നു

കേരള പഞ്ചായത്ത് രാജ് നിയമം 1994 ലെ വകുപ്പ് 270 ൽ (1) പ്രകാരം ഗ്രാമപഞ്ചായത്തിൽ മുൻകൂറായി രജിസ്റ്റർ ചെയ്യാതെ, ആ ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശത്തിനുള്ളിൽ യാതൊരു ആശുപത്രിയും പാരാമെഡിക്കൽ സ്ഥാപനങ്ങളും പ്രവർത്തിക്കാൻ പാടുള്ളതല്ല. മുൻകൂറായി രജിസ്റ്റർ ചെയ്യാതെയോ അല്ലെങ്കിൽ രജിസ്ട്രേഷൻ

റദ്ദ് ചെയ്തതിനുശേഷം പഞ്ചായത്ത് പരിധിയിൽ പാരാമെഡിക്കൽ സ്ഥാപനം/സ്വകാര്യ ആശുപത്രി പ്രവർത്തിക്കുന്ന സ്ഥാപനത്തിന്മേൽ കേരള പഞ്ചായത്ത് രാജ് നിയമം 1994 ലെ വകുപ്പ് 270 (എ) പ്രകാരവും പ്രൈവറ്റ് ഹോസ്പിറ്റലുകളുടെയും, പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ ചട്ടങ്ങൾ 1997 ലെ ചട്ടം 8 പ്രകാരവും അയ്യായിരം രൂപവരെ ആകാവുന്ന പിഴശിക്ഷയും, കുറ്റം തുടരുന്ന ഓരോ ദിവസത്തിനും അഞ്ഞൂറ് രൂപയാകാവുന്ന അധിക പിഴശിക്ഷയും നൽകി ശിക്ഷിക്കപ്പെടാവുന്നതാണ്.
2022-23 സാമ്പത്തികവർഷത്തെ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ രജിസ്റ്ററും, FATEOS ലൈസൻസ് രജിസ്റ്ററും പരിശോധിച്ചപ്പോൾ Dr. Kutty's Lab & Diagnostics (17/424 C,D,E) എന്ന സ്ഥാപനം ലൈസൻസ് എടുത്തിട്ടുണ്ടെങ്കിലും രജിസ്ട്രേഷൻ എടുക്കാതെ/പുതുക്കാതെ പ്രവർത്തിക്കുന്നതായി കാണുന്നു.
മേൽ സ്ഥാപനം രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിച്ചതിന് മറുപടി നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.07/20.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത വിഷയത്തിൽ തുടർനടപടി സ്വീകരിച്ച് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനെ വിവരമറിയിക്കേണ്ടതാണ്. ഭാവിയിൽ ഇത്തരം വീഴ്ചകൾ സംഭവിക്കാതിരിക്കാൻ പാരാമെഡിക്കൽ സ്ഥാപനങ്ങൾ/സ്വകാര്യ ആശുപത്രികൾ ലൈസൻസ് പുതുക്കുന്നതിന് അപേക്ഷ സമർപ്പിക്കുന്ന വേളയിൽ രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കാനും, ഫീസ് അടയ്ക്കുവാനും പ്രസ്തുത സ്ഥാപനത്തോട് ആവശ്യപ്പെട്ട് സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ ലൈസൻസിനോടൊപ്പം തന്നെ പുതുക്കി നൽകാവുന്നതാണ്.

## 1-15 മണ്ണിന്റെ വില ഈടാക്കിയതിന്റെ രേഖകൾ ലഭ്യമാക്കിയില്ല

പറപ്പൂക്കര ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 26.05.2022 ലെ 7(1) നമ്പർ തീരുമാനപ്രകാരം 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികളിൽ നിന്നും ലഭിച്ച 1985.675 ഘനമീറ്റർ മണ്ണിൽ കടുംകൃഷി ഫോർമേഷൻ പ്രവൃത്തിക്കായി 413.56 ഘനമീറ്റർ, NREGS കളം തുരുത്തി ബണ്ട് നിർമ്മാണത്തിന് 4680 ഘനമീറ്റർ എന്നിവയ്ക്കായി അനുവദിച്ചതിനു ശേഷം ബാക്കി മണ്ണ് മുളങ്ങ് ബണ്ട് നിർമ്മാണത്തിനായി അനുവദിക്കുന്നതിന് തീരുമാനിച്ചിരുന്നു.

എന്നാൽ പ്രവൃത്തികളുടെ ഭാഗമായി ബാക്കിയുണ്ടായിരുന്ന, സ്വകാര്യ വ്യക്തികളുടെ പറമ്പിൽ സ്റ്റോക്ക് ചെയ്തിരുന്ന മണ്ണ് അതാത് സ്ഥലങ്ങളിൽ നികന്നതായി LSGD അസ്സിറ്റന്റ് എഞ്ചിനീയർ 25.08.2022 ന റിപ്പോർട്ട് ചെയ്തിട്ടുണ്ട്. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അതാത് സ്ഥല ഉടമകളിൽ നിന്നും LSGD അസ്സിറ്റന്റ് എഞ്ചിനീയർ നൽകുന്ന വാല്യുവേഷൻ പ്രകാരം മണ്ണിന്റെ വില ഈടാക്കുന്നതിനും, ആയത് അടവാക്കാത്തപക്ഷം റവന്യൂ റിക്കവറി ഉൾപ്പടെയുള്ള നിയമനടപടി സ്വീകരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 30.08.2022 തിയതിയിൽ നടന്ന ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ അടിയന്തിരയോഗത്തിലെ 3(1) തീരുമാനപ്രകാരം സെക്രട്ടറിയെ ചുമതലപ്പെടുത്തിരുന്നു.

| ക്രമ നം. | സ്ഥല ഉടമ | പ്രവൃത്തി/നമ്പർ | മണ്ണിന്റെ അളവ് (ഘനമീറ്റർ) | വാല്യുവേഷൻ പ്രകാരം മണ്ണിന്റെ വില |
|---|---|---|---|---|
| 1 | ജലീൽ കൊളത്തൂർ | വെള്ളപ്പാലം തോട് സൈഡ് പ്രൊട്ടക്ഷൻ (258/20) വാർഡ് - 7 | 466.04 | 107240.37 |
| 2 | നെൽസൺ ചിറ്റാട്ടുകര | ഉളുമ്പത്തകുന്ന് കാന നിർമ്മാണം (104/21) വാർഡ് - 7 | 84.76 | 19504.11 |
| 3 | വിമല തുലാപ്പിള്ളി വീട് | വൈലൂർ കിഴക്കേനട റോഡ് കാന | 36.75 | 8456.53 |

| | | | | |
|---|---|---|---|---|
| | | നിർമ്മാണം (104/21) വാർഡ് - 10 | | |

മേൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വ്യക്തികൾക്ക് അറിയിപ്പ് നൽകിയിരുന്നു. ക്രമ നം. 2 നെൽസൺ ചിറ്റാട്ടുകര എന്ന വ്യക്തി 19504 രൂപ പഞ്ചായത്തിൽ അടവാക്കുകയും ചെയ്തിരുന്നു. ക്രമ നം. 1,3 വ്യക്തികൾ തുക അടവാക്കിയതിന്റെ രേഖകൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.15/21.10.2023) മറുപടി ലഭ്യമാക്കിയില്ല. ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-16 എച്ച്.എം.സി കണക്കുകൾ ഓഡിറ്റിന് സമർപ്പിയ്ക്കേണ്ടതാണ്

2010 ലെ കേരള പഞ്ചായത്ത് രാജ് (പൊതു ജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജിങ്ങ് കമ്മിറ്റി) ചട്ടങ്ങൾ, സ.ഉ(സാധാ)നം. 3379/04/എച്ച്.എഫ്.ഡബ്ളിയു.ഡി തി. 3-12-04 എന്നിവയ്ക്കുവിധേയമായി രൂപം കൊണ്ടിട്ടുള്ള ആരോഗ്യ സ്ഥാപനങ്ങളിൽ (പി.എച്ച്.സി, ഹോമിയോ, ആയുർവേദം) ആശുപത്രി മാനേജിങ്ങ് കമ്മിറ്റി രൂപീകരിച്ച് ആയതിന്റെ കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്. പറപ്പൂക്കര എഫ്.എച്ച്.സി യുടെ ആശുപത്രി മാനേജിങ്ങ് കമ്മിറ്റി അക്കൗണ്ട് 01.02.2021 ൽ ആരംഭിച്ചെങ്കിലും ഇതുവരെ വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല എന്ന് മെഡിക്കൽ ഓഫീസർ അറിയിച്ചു. 2021-22 മുതലുള്ള വാർഷികകണക്കുകൾ തയ്യാറാക്കി ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്. ഹോമിയോ എച്ച്.എം.സി രൂപീകരിച്ചിട്ടില്ലെന്നും ആയുർവേദം എച്ച്.എം.സി രൂപീകരിച്ചിട്ടുണ്ടെങ്കിലും വരവ് ചെലവ് ഇല്ലെന്നും മെഡിക്കൽ ഓഫീസർമാർ അറിയിച്ചു.

## 1-17 എഫ്.എച്ച്.സി മരുന്ന ലഭ്യമായിട്ടില്ല-തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്

പ്രോജക്ട് നമ്പർ-23/2023
പ്രോജക്ട്- പി.എച്ച്.സിയിലേക്ക് മരുന്ന വാങ്ങൽ
അടങ്കൽ-300000/-
ചെലവ്-300000/-
ഫണ്ട്-മെയിന്റനൻസ് ഫണ്ട് റോഡിതരം
നിർവഹണഉദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ/ പേര് | ബിൽതുക വൗച്ചർ നമ്പർ | KMSCL ന നൽകിയ തുക | പ്രൊഫോർമ ഇൻവോയ്സ് നമ്പർ | ലഭ്യമാകാനുള്ള മരുന്നിന്റെ വിവരം |
|---|---|---|---|---|---|
| 1 | 24/2023 ഗൃഹകേന്ദ്രീകൃത പാലിയേറ്റീവ് പരിചരണം | 196498 42201312/28.3.23 | 98541.46 | PRF 5500/20.3.23 | 98541.46 |
| | | 127570 42201208/6.1.23 | 29389 | PRF 2114/9.11.22 | 47 |
| | | 196498 42201312/28.3.23 | 103752 | PRF 4312/8.2.23 | 5211 |
| | | 93503 42201337/29.3.23 | 32847 | PRF 5637/23.3.23 | 572 |
| 2 | 23/2023 PHC യിലേക്ക് മരുന്ന | 75147 42201076/28.322 | 75147 | PRF 1090/24.8.22 | 3795 |

| | | | | | |
|---|---|---|---|---|---|
| | വാങ്ങൽ | | | | |
| | ആകെ | | | | 108166 |

മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്

ഓഡിറ്റ് എൻക്വയറി നമ്പർ.10/21.10.23

## 1-18 ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | 73/2023 |
| പ്രോജക്ടിന്റെ പേര് | ലൈഫ് സ്ഥലം വാങ്ങലും ഭവനനിർമ്മാണവും-ജനറൽ |
| അടങ്കൽ | 4289976 |
| ചെലവ് | 3291200- |
| നിർവഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഓ പറപ്പൂക്കര സർക്കിൾ |

മേൽ പദ്ധതി പ്രകാരം 2 ലക്ഷം രൂപ വീതം ആകെ 8 ലക്ഷം രൂപ നാലു ഗുണഭോക്താക്കൾക്ക സ്ഥലം വാങ്ങുന്നതിനും ബാക്കി തുക ഭവനനിർമ്മാണത്തിന് നൽകുകയുമാണ് ചെയ്തിരിക്കുന്നത്. താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണത്തിനായി തുക നല്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | ഭവന നിർമ്മാണത്തിന് അനുവദനീയമായ തുക | ഇതുവരെ നല്കിയ തുക |
|---|---|---|---|
| 1 | മധുസൂദനൻ അമ്പാട്ടു പറമ്പിൽ | 400000/- | 350000 |
| 2 | രാജു, തൃക്കൽപുരം ആലത്തൂർ | 400000/- | 350000 |
| 3 | ഷിജു അമ്പഴക്കാടൻ | 400000/- | 360000 |
| 4 | വഹാബ് പറോത്തിപ്പറമ്പിൽ ആലത്തൂർ | 400000/- | 350000 |
| 5 | ഗീത മാമ്പുള്ളി | 400000/- | 200000 |
| 6 | വിശാലാക്ഷി | 400000/- | 200000 |
| 7 | വാസന്തി ആച്ചങ്ങാട്ടിൽ | 400000/- | 300000 |
| 8 | ജാനകി പാമ്പുംകാട്ടിൽ | 400000/- | 360000 |
| 9 | സുശീല കാട്ടിലയത്ത് | 400000/- | 300000 |

| | | | |
|---|---|---|---|
| 10 | ജയന്തി ഐക്കര | 400000/- | 350000 |
| 11 | ബിന്ദു വടക്കിനിയേടത്ത് | 400000/- | 300000 |
| 12 | ശ്രുതി പള്ളിവളപ്പിൽ | 400000/- | 300000 |
| 13 | വിജയൻ കാലേങ്ങാടൻ | 400000/- | 200000 |
| 14 | ഷൈല രാഹുൽ കൈതവളപ്പിൽ | 400000/- | 40000 |
| 15 | അജിത എടേപ്പുറത്ത് | 400000/- | 140000 |
| 16 | രമ വെള്ളന്നൂർ | 400000/- | 40000 |
| 17 | റോസിലി കുറ്റിയിൽ | 400000/- | 40000 |
| 18 | റോസിലി മേലേത്ത് | 400000/- | 40000 |
| 19 | രാഗിണിശശി ഇയ്യാനി നെടുമ്പാൾ | 400000/- | 140000 |

മേൽ പറഞ്ഞ ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കി മുഴവൻ തുകയും കൈപ്പറ്റിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഭവനനിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് വിവരം അറിയിക്കാമെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഓഡിറ്റ് എൻക്വയറി-11/21.10.23

## 1-19 ഭവനനിർമ്മാണം-ആദ്യഗഡു കൈപ്പറ്റി-പണി ആരംഭിച്ചിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ-വി.ഇ.ഒ, പറപ്പൂക്കര സർക്കിൾ
പ്രോജക്ട് നമ്പർ -73/2023
പ്രോജക്ട്-ലൈഫ് സ്ഥലം വാങ്ങലും ഭവനനിർമ്മാണവും -ജനറൽ

ഫണ്ട്- വികസന ഫണ്ട് ജനറൽ

അടങ്കൽ-4289976/-

ചെലവ്-3291200/-

മേൽ പദ്ധതി പ്രകാരം രമ, ബോയൻകുടാരം, നന്തിക്കര എന്നവർക്ക് ഭവനനിർമ്മാണത്തിനായി 40000 രൂപ ആദ്യഗഡു 16.7.22 തീയതിയിൽ നൽകിയിട്ടുണ്ട്. മേൽ ഗുണഭോക്താവും വി.ഇ.ഒ, പറപ്പൂക്കരയുമായി 6.7.22 തീയതിയിൽ എഗ്രിമെന്റിൽ ഏർപ്പെട്ടിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ നിന്നും നാളിതു വരെ തറപ്പണി പൂർത്തീകരിച്ച് അടുത്ത ഗഡു കൈപ്പറ്റിയതായി കാണുന്നില്ല. ഏഴ ദിവസത്തിനകം പണി പൂർത്തീകരിക്കുകയോ അല്ലാത്ത പക്ഷം വാങ്ങിയ തുക 12% പലിശ സഹിതം തിരികെ അടവാക്കണം എന്നറിയിച്ച് 30.6.23 ൽ വി.ഇ.ഒ കത്ത് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ ആദ്യ ഗഡു പ്രകാരമുള്ള പണി പൂർത്തീകരിക്കുകയോ, തുക പലിശ സഹിതം തിരികെ അടച്ചതായോ കാണുന്നില്ല. തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ

അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ.11/21.10.23

1-20 ബാലസഭ-അധിക തുക ചെലവഴിച്ചു-32000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് | ബാലസഭാ ശാക്തീകരണം |
| പ്രോജക്ട് നമ്പർ | 180/23 |
| അടങ്കൽ | 50000/- |
| ഫണ്ടിനം | വികസന ഫണ്ട് -ജനറൽ |
| ചെലവ് | 50000/- |
| വൗച്ചർനമ്പർ | 42201221/21.1.23 |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

സ.ഉ(കൈ)നം.115/22/ത.സ്വ.ഭ.വ തീയതി 28.5.22, ഖ.7.7.10(1) പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് വാർഡ് ഒന്നിന് 1000 രൂപ ആണ് ബാലസഭ പ്രവർത്തനങ്ങൾക്ക് ചെലവഴിക്കാവുന്നത്. 18 വാർഡ് ഉള്ള പറപ്പൂക്കര പഞ്ചായത്തിൽ ആകെ 18000 രൂപയാണ് ചെലവഴിക്കാൻ അനുവദനീയമായിട്ടുള്ളത്. എന്നാൽ മേൽ പ്രോജക്ട് പ്രകാരം 50000/- രൂപ ചെലവഴിച്ചിട്ടുണ്ട്. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ച 32,000 രൂപയുടെ (50,000-18,000) ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നമ്പർ.17/25.10.23

1-21 അമൃതം ഫുഡ്, കുമാരി പ്ലസ് എന്നീ ഉത്പന്നങ്ങൾ വാങ്ങിയപ്പോൾ CGST, SGST ഇനങ്ങളിൽ ടി.ഡി.എസ് ഈടാക്കിയിട്ടില്ല

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായ 215/23 -അങ്കണവാടി പോഷകാഹാര പദ്ധതി (SC), 19/2023 -അന്ന പൂരക പോഷകാഹാര പദ്ധതി എന്നീ പ്രോജക്ടുകൾ പ്രകാരം ഭദ്രദീപം കുടുംബശ്രീ യൂണിറ്റ് മേല്പൂർ, പൂലാനി എന്ന സ്ഥാപനത്തിൽ നിന്നും താഴെ പറയും പ്രകാരം അമൃതം ഫുഡ്, കുമാരി പ്ലസ് എന്നീ ഉൽപ്പന്നങ്ങൾ 2.5% CGSTയും, 2.5% SGST യും നല്കി വാങ്ങിയിട്ടുള്ളതാണ്.

| ഉൽപ്പന്നം | ഇൻവോയ്സ് നമ്പർ തീയതി | തുക | CGST | SGST | വൗച്ചർ നമ്പർ തീയതി |
|---|---|---|---|---|---|
| അമൃതം ഫുഡ് | 30/27.10.22 | 100642 | 2516 | 2516 | 42201134/28.11.22 |
| കുമാരി പ്ലസ് | 31/27.10.22 | 12960 | 324 | 324 | 42201134/28.11.22 |
| കുമാരി പ്ലസ് | 52/30.1.23 | 2430 | 60 | 60 | 42201177/13.12.22 |
| കുമാരി പ്ലസ് | 51/30.1.23 | 9112 | 227 | 227 | 42201177/3.12.22 |
| അമൃതം ഫുഡ് | 72/18.3.23 | 83283 | 2082 | 2082 | 42201177/3.12.22 |
| അമൃതം | 47/31.12.22 | 94181 | 2354 | 2354 | 42201233/8.2.23 |

| | | | | | |
|---|---|---|---|---|---|
| ഫുഡ് | | | | | |
| കുമാരി പ്ലസ് | 48/31.12.22 | 12960 | 324 | 324 | 42201233/8.2.23 |
| അമൃതം ഫുഡ് | 40/28.11.22 | 82999 | 2075 | 2075 | 42201233/8.2.23 |
| കുമാരി പ്ലസ് | 41/28.11.22 | 12757 | 318 | 318 | 42201233/8.2.23 |
| കുമാരി പ്ലസ് | 49/30.1.23 | 67095 | 1677 | 1677 | 42201233/8.2.23 |
| കുമാരി പ്ലസ് | 50/30.1.23 | 17253 | 431 | 431 | 42201233/8.2.23 |
| കുമാരി പ്ലസ് | 66/28.2.23 | 11542 | 288 | 288 | 42201293/28.3.23 |

CGST ആക്ട് 2017 ലെ വകുപ്പ് 51(1) പ്രകാരം വിതരണത്തിന്റെ ആകെ മൂല്യം 2½ ലക്ഷത്തിൽ അധികമാകുന്ന സാധനങ്ങളുടെയോ സേവനങ്ങളുടേയോ രണ്ടിന്റേയോ കരാറുകാരുടെ ബില്ലിൽ നിന്നും 1% ടി.ഡി.എസ് പിടിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. SGST ആക്ട് 2017 ലെ വകുപ്പ് 51(1) പ്രകാരവും സമാനമായ നിർദ്ദേശമുള്ളതാണ്. ആയതിനാൽ ആകെ മൂല്യം 2½ ലക്ഷത്തിൽ അധികമാകുന്ന ബില്ലുകളിൽ നിന്നും CGST, SGST ഇനങ്ങളിൽ 1% വീതം ആകെ 2% നികുതി സ്രോതസിൽ നിന്നും ഈടാക്കേണ്ടതാണ്. എന്നാൽ മേൽ പട്ടിക പ്രകാരം ഭദ്രദീപം കുടുംബശ്രീ യൂണിറ്റ് മേലൂർ, പൂലാനി എന്ന സ്ഥാപനത്തിൽ നിന്നും അമൃതം ഫുഡ്", കുമാരി പ്ലസ് ' എന്നീ ഉത്പന്നങ്ങൾ വാങ്ങിയപ്പോൾ CGST, SGST ഇനങ്ങളിൽ ടി.ഡി.എസ് ഈടാക്കായിട്ടില്ലാത്തതായി കാണുന്നു. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ഇനി സ്ഥാപനങ്ങളിൽ നിന്നുമുള്ള വാങ്ങലുകളിൽ ജി.എസ്.റ്റി, ടി.ഡി.എസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

(ഓഡിറ്റ് എൻക്വയറി നം.18/25.10.2023)

### 1-22 കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ട് നമ്പർ | 124/2023 |
| അടങ്കൽ | 1000000 രൂപ |
| ചെലവ് | 500000/-<br>വികസനഫണ്ട് (ജനറൽ) |
| വൗച്ചർനമ്പർ | 42201223/22.1.23 |
| നിർവഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |

തൊട്ടിപ്പാൾ, പന്തല്ലൂർ ക്ഷീരസംഘങ്ങൾ മുഖേനയാണ് പദ്ധതി നടപ്പാക്കിയിരിക്കുന്നത് .

1) മേൽപദ്ധതി നടത്തിപ്പിനായി 40 ഗുണഭോക്താക്കളുടെ വിഹിതമായി ഒരാൾക്ക് 12500 രൂപ നിരക്കിൽ 500000 രൂപ (സംസ്ഥാന വിഹിതംഅടക്കം) എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. 2/2023 നാണ് പദ്ധതി ആരംഭിച്ചിരിക്കുന്നത്. പദ്ധതി പൂർത്തീകരിക്കുന്നമുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

2) കാലിത്തീറ്റ വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും താഴെപ്പറയുന്ന ഗുണഭോക്താക്കൾ പദ്ധതിയിൽ നിന്നും പിൻമാറിയതായി കാണുന്നു.

| ഗുണഭോക്താവ് | തീറ്റ കൈപ്പറ്റിയ മാസങ്ങൾ |
|---|---|
| പ്രമീള രചനൻ | 2/2023 |

| | |
|---|---|
| കാരിക്കോട് | 3/2023 |
| ഇറ്റാമൻ.സി.എ | 2/2023<br>3/2023<br>4/2023<br>5/2023 |
| അംബിക<br>വടക്കുംതാലത്ത് | 2/2023<br>3/2023<br>4/2023<br>5/2023<br>6/23 |
| രതിക<br>ഇട്യാടൻ ഹൗസ് | 2/2023<br>3/2023<br>4/2023 |

മേൽ ഗുണഭോക്താക്കൾ പദ്ധതിയിൽ നിന്നും പിൻമാറിയതിനുള്ള കാരണം അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

പദ്ധതി പൂർത്തീകരിക്കുന്ന മുറക്ക് ആയതിന്റെ വിനിയോഗസാക്ഷ്യപത്രവും പദ്ധതിയിൽ നിന്നും വിട്ടുപോയ ഗുണഭാക്താക്കൾക്കു വേണ്ടി അടവാക്കിയ വിഹിതം തിരികെ ഈടാക്കി ആയത് സഞ്ചിതനിധിയിൽ അടവാക്കിയതിന്റെ ചലാനും ലഭ്യമാക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നമ്പർ 9/21/10/23).

## 1-23 വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4, ബി-18 എന്നിവ പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, മുൻകൂർ എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/23 ൽ ബാക്കിയുള്ള തുകകളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ശീർഷകം | | നീക്കിയിരിപ്പ് |
|---|---|---|---|
| 1 | 320700105 | Contributions For Joint Venture Projects(For Capital Expenditure)- From District Panchayats | 730229 |
| 2 | 320700204 | Contributions For Joint Venture Projects(For Revenue Expenditure)- From Block Panchayats | 941271 |
| 3 | 320700205 | Contributions For Joint Venture Projects(For Revenue Expenditure)- From District Panchayats | 121812 |
| 4 | 320700304 | Contributions For Other Specific Purposes (For Capital Expenditure)- From Block Panchayats | 10000 |

| | | | |
|---|---|---|---|
| 5 | 320700404 | Contributions For Other Specific Purposes (For Revenue Expenditure)- From Block Panchayats | 100000 |
| 6 | 320100197 | Litreracy Scheme Grant | 1,00,000 |
| 7 | 460100103 | Temporary Advance For Official Purposes | 47,900 |

ക്രമ നം. 1 മുതൽ 6 വരയുള്ള തുകകളുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്. വിനിയോഗിക്കാത്ത പക്ഷം വരവ് വന്ന സ്രോതസ്സിലേക്ക് തിരിച്ചടച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

ക്രമ നം. 7 പ്രകാരമുള്ള തുക ക്രമീകരിക്കാൻ നടപടി സ്വീകരിച്ചതിന്റെ വിവരം അറിയിക്കേണ്ടതാണ്.

## 1-24 കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് വർക്കിനായി മുൻകൂർ തുക നൽകിയത്- പ്രവൃത്തി പൂർത്തീകരണവിവരം ലഭ്യമാക്കേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥ - സെക്രട്ടറി

കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിനായി സെക്രട്ടറി കേരള വാട്ടർ അതോറിറ്റിയിൽ തൻവർഷം ഡെപ്പോസിറ്റ് ചെയ്ത തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതിയുടെ പേര് | ഫണ്ടിനം | ചെലവ് തുക | ബിൽ നമ്പർ/ വൗച്ചർ നമ്പർ | റിമാർക്സ് | പരാമർശം |
|---|---|---|---|---|---|---|
| 1 | 232/23 - കുടിവെള്ള പൈപ്പ്ലൈൻ നീട്ടൽ | സി.എഫ്.സി | 123720/- | 20/04.11.2022 (42201107 /28.10.2022) | എക്സിക്യൂട്ടീവ് എഞ്ചിനീയർ, PH ഇരിങ്ങാലക്കുട ഡിവിഷന് തുക കൈമാറി | ധനവിനിയോഗ സാക്ഷ്യപത്രം, ഫൈനൽ ബിൽ, പണി പൂർത്തീകരിച്ചതിന്റെ KWA റിപ്പോർട്ട് എന്നിവ ഇല്ല. |
| 2 | 9/23 വിവിധ പ്രദേശങ്ങളിലെ കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | സി.എഫ്.സി | 2592000/- | 42200279 /08.08.2022 | എക്സിക്യൂട്ടീവ് എഞ്ചിനീയർ, PH ഇരിങ്ങാലക്കുട ഡിവിഷന് തുക കൈമാറി | ധനവിനിയോഗ സാക്ഷ്യപത്രം, ഫൈനൽ ബിൽ, പണി പൂർത്തീകരിച്ചതിന്റെ KWA റിപ്പോർട്ട് എന്നിവ ഇല്ല. |
| 3 | 227/23- വാർഡ് 18 കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | സി.എഫ്.സി | 303097 | 42200597 /05.12.2022 | എക്സിക്യൂട്ടീവ് എഞ്ചിനീയർ, PH ഇരിങ്ങാലക്കുട ഡിവിഷന് തുക കൈമാറി | ധനവിനിയോഗ സാക്ഷ്യപത്രം, ഫൈനൽ ബിൽ, പണി പൂർത്തീകരിച്ചതിന്റെ KWA റിപ്പോർട്ട് എന്നിവ ഇല്ല. |

മേൽ വിഷയത്തിൽ ഓഡിറ്റ് എൻക്വയറി (നം. 16/21.10.2023) നൽകിയതിന് പ്രൊജക്ട് നം. 232/23, 9/23, 227/23 പ്രകാരമുള്ള ഫണ്ട് വിനിയോഗിച്ചിട്ടില്ലെന്നും ടി ഫണ്ട് തൊട്ടിപ്പാൾ കുടിവെള്ള പദ്ധതിയ്ക്കായി വിനിയോഗിക്കുമെന്ന് അറിയിച്ചുകൊണ്ടുള്ള കേരള വാട്ടർ അതോറിറ്റിയുടെ കത്ത് (നം.217/GEN/IJK/2022-23 തീയതി 14.09.2023) പ്രകാരം ജലജീവൻ മിഷൻ പ്രവൃത്തിയുടെ ഭാഗമായി പൈപ്പ്ലൈൻ ഇടുന്നതിനാൽ

പൈപ്പ്ലൈൻ ദീർഘിപ്പിക്കുന്ന പ്രവൃത്തിയുടെ ആവശ്യമില്ലെന്നും, ഡെപ്പോസിറ്റ് ചെയ്ത തുക തൊട്ടിപ്പാൾ പമ്പ് ഹൗസിൽ പുതിയ പമ്പ് സെറ്റ് വാങ്ങുന്നതിനുള്ള അനുമതിക്കായും, പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിനായും അപേക്ഷിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 26.09.2023 ലെ 19-ാം നമ്പർ തീരുമാന പ്രകാരം ഭരണസമിതി അനുമതി നല്കിയിട്ടുണ്ട്. ആയതിന്റെ വിനിയോഗ വിവരം കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമാക്കേണ്ടതാണ്.

## 1-25 ഹോമിയോ മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല

മെഡിക്കൽ ഓഫീസർ, ഹോമിയോ നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രൊജക്ട് പ്രകാരം മരുന്ന വാങ്ങുന്നതിനായി തുക മുൻകൂർ നൽകിയിട്ടുണ്ടെങ്കിലും മരുന്നുകൾ മുഴുവനായും ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

പ്രോജക്ട് നമ്പർ-20/23, പേര്- ഗവ. ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് ഹോമിയോ മരുന്ന് വാങ്ങൽ

| ക്രമ നമ്പർ | വൗച്ചർ നം., തിയതി, ഫണ്ട് | തുക | പ്രൊഫോർമ ഇൻവോയ്സ് നമ്പർ, തിയതി | മരുന്ന് ലഭിച്ചതിന്റെ വിവരം ഇൻവോയ്സ് നമ്പർ/തിയതി തുക | ബാക്കി മരുന്ന് ലഭിക്കാനുള്ള തുക | തുക നൽകിയത് |
|---|---|---|---|---|---|---|
| 1 | 42201257/08.03.2023 (മെയിന്റനൻസ് ഫണ്ട്, നോൺ റോഡ്) | 200000 | PF 82/29.06.2022 | LF 1139/24.8.2023 -111488/- | 88512/- | മാനേജിംഗ് ഡയറക്ടർ, ഹോംകോ |

മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കി അറിയിക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നം.2/20.10.2023).

## 1-26 റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല

സ.ഉ.(കൈ)നം.84/2022/Lsgd ഖണ്ഡിക 6.8 പ്രകാരം തദ്ദേശഭരണസ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തിസംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണ്. ആയതിന്റെ ഭാഗമായി റോഡ് കണക്ടിവിറ്റി മാപ്പ്, റോഡ് കണക്ടിവിറ്റി പ്ലാൻ എന്നിവ തയ്യാറാക്കുന്നതിന് 2022-23 ൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥയായി (പ്രൊജക്ട് നമ്പർ 58/23) 54000/- രൂപ അടങ്കലിൽ (തനത് ഫണ്ട്) ഇതിനായി പ്രൊജക്ട് വച്ചെങ്കിലും ചെലവഴിച്ചിട്ടില്ല. പ്രൊജക്ട് നടപ്പാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.12/21.10.2023) മറുപടിയായി ഫീൽഡ് സർവേ പൂർത്തിയാക്കിയെന്നും R Track Software ലെ സാങ്കേതിക പ്രശ്നം മൂലം ഫീൽഡ് വെരിഫിക്കേഷൻ നാളിതുവരെ പൂർത്തിയാക്കാൻ സാധിച്ചിട്ടില്ലെന്നും സാങ്കേതിക പ്രശ്നം പരിഹരിയ്ക്കുന്ന മുറയ്ക്ക് റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതാണെന്നും അറിയിച്ചു. റോഡ് കണക്ടിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കി അറിയിക്കേണ്ടതാണ്.

## 1-27 ഉള്ളാട്ടുകുളം സംരക്ഷണം പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല, മണ്ണിന്റെ വിനിയോഗ വിവരം ലഭ്യമാക്കിയില്ല-1,87,822/- രൂപ തടസ്സപ്പെടുത്തുന്നു

നിർവ്വഹണോദ്യോഗസ്ഥ - അസിസ്റ്റന്റ് എഞ്ചിനീയർ

പ്രൊജക്ട് നം., പേര്-36/23, ഉള്ളാട്ടുകുളം സംരക്ഷണം

പൂർത്തീകരണ കാലയളവ്- 4 മാസം (TS പ്രകാരം)

കരാറുകാരൻ- ശ്രീ. ശ്രീകുമാർ, കുന്നമ്മക്കര വീട്, പുതുക്കാട്

കരാർ -60/21-22/AE/LSGD/PPK Dt.23.02.2022

PAC – 1071423/-

സൈറ്റ് കൈമാറിയത്-തീയതി രേഖപ്പെടുത്തിയിട്ടില്ല

M Book – 4/19-20, 514/20-21

പ്രവൃത്തി ആരംഭിച്ചത് -07.03.2022

ഫണ്ട്- തൃശ്ശൂർ കോർപ്പറേഷൻ ഫണ്ട്

ചെലവ് - ₹ 37559/- (CC I$^{st}$ & Part Bill) ട്രഷറി ബിൽ നം.13/22-23 തീ.15.11.2022

₹ 150263/- (CC II$^{nd}$ & Part Bill) (ട്രഷറി ബിൽ നം.7/22-23 തി.31.8.2022)

പറപ്പൂക്കര ഗ്രാമപഞ്ചായത്തിലെ വാർഡ് 8 ലെ ഉള്ളാട്ടുകുളം സംരക്ഷണത്തിനായി തൃശ്ശൂർ കോർപ്പറേഷന്റെ ധനസഹായത്തോടെ 2020-21 ലും 2021-22 ലും പ്രൊജക്ട് ആവിഷ്കരിച്ചെങ്കിലും തുകയൊന്നും ചെലവഴിച്ചിട്ടില്ല. 2022-23 ൽ സ്പിൽ ഓവറായ പ്രൊജക്ടിൽ മേല്പറഞ്ഞതുപ്രകാരം 1,87,822/- രൂപ ചെലവഴിച്ചിട്ടുണ്ട്. 4 മാസം പൂർത്തീകരണകാലയളവുള്ള പ്രൊജക്ടിൽ കുളം വൃത്തിയാക്കലും ഭാഗികമായി സൈഡ് കെട്ടലും മാത്രമേ ഇതുവരെ പൂർത്തീകരിച്ചിട്ടുള്ളൂ. കൂടാതെ പ്രവൃത്തിയ്ക്ക് വേണ്ടി കുളം വൃത്തിയാക്കിയപ്പോൾ സൈറ്റിൽ നിന്നും താഴെപ്പറയുംപ്രകാരം മണ്ണ് ലഭിച്ചതായും അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ടിലുണ്ട്.

മണ്ണിന്റെ അളവ്-526.349 ഘനമീറ്റർ
വില-526.349x230.11/ഘനമീറ്റർ = 1,21,118/- രൂപ

മണ്ണ് കുളത്തിനോട് ചേർന്ന് കിടക്കുന്ന നമ്പുകുളങ്ങര ദേവരാജൻ, നമ്പുകുളങ്ങര രാമചന്ദ്രൻ എന്നവരുടെ പറമ്പിൽ കൂട്ടിയിട്ടിട്ടുണ്ടെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഭരണസമിതിയുടെ 17.10.2022 ലെ 9(1) തീരുമാനപ്രകാരം NREGA പദ്ധതിയിൽ മുളങ്ങ് ബണ്ട് നിർമാണത്തിനായി മണ്ണ് ഉപയോഗിക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ട്. പ്രൊജക്ട് ഇതുവരെ പൂർത്തീകരിക്കാത്തതിന്റെ കാരണവും മണ്ണിന്റെ വിനിയോഗ വിവരവും ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.19/25.10.2023) മറുപടിയായി പല തവണ ബന്ധപ്പെട്ടെങ്കിലും കരാറുകാരൻ പണി ചെയ്യുവാൻ തയ്യാറാകുന്നില്ലെന്നാണ് അറിയിച്ചത്. നഗര സഞ്ചയ പദ്ധതികളുടെ റിവ്യൂ മീറ്റിംഗുകളിൽ പദ്ധതി ഉപേക്ഷിയ്ക്കാൻ ആവശ്യപ്പെട്ടെങ്കിലും തൃശ്ശൂർ കോർപ്പറേഷൻ തയ്യാറായില്ലെന്നും ഗ്രാമപഞ്ചായത്ത് കരാറുകാരനെതിരെ നടപടികളുമായി മുന്നോട്ട് പോകുമെന്നും അറിയിച്ചു. മണ്ണിന്റെ വിനിയോഗ വിവരം സംബന്ധിച്ച് NREGA അസിസ്റ്റന്റ് എഞ്ചിനീയറുമായി ബന്ധപ്പെട്ടപ്പോൾ ചെളി നിറഞ്ഞ മണ്ണ് ബണ്ട് നിർമ്മാണത്തിന് ഉപയോഗിയ്ക്കാൻ കഴിയില്ലെന്നും മണ്ണ് Stack ചെയ്ത സ്ഥലത്ത് തന്നെ ഉണ്ടെന്നുമാണ് പറഞ്ഞത്. കരാറുകാരന്റെ നഷ്ടോത്തരവാദിത്തത്തിൽ പ്രവൃത്തി പൂർത്തീകരിയ്ക്കുകയും മണ്ണിന്റെ വിനിയോഗ വിവരം അറിയിയ്ക്കുകയും ചെയ്യുന്നതുവരെ ചെലവു തുക 1,87,822/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-28 പ്രവൃത്തി വൈകിയതിൽ പിഴ ഈടാക്കിയിട്ടില്ല

കേരള PWD മാന്വൽ പ്രകാരം മരാമത്ത് പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ സാധിക്കാത്ത പക്ഷം കരാറുകാരൻ പ്രവൃത്തി പൂർത്തീകരണ സമയം നീട്ടി നൽകുന്നതിന് അസിസ്റ്റന്റ് എഞ്ചിനിയർ മുഖേന അപേക്ഷ നൽകേണ്ടതാണ് എന്നും ഇതിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ രേഖകൾ പരിശോധിച്ച് കരാറുകാരന്റെ വീഴ്ചമൂലമല്ല പ്രവൃത്തി വൈകിയത് എങ്കിൽ പിഴ കൂടാതെയും, പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലമാണ് പ്രവൃത്തി വൈകിയത് എങ്കിൽ നിശ്ചിത നിരക്കിൽ പിഴ ഈടാക്കിയും പ്രവൃത്തി പൂർത്തീകരണ കാലയളവ് നീട്ടി നൽകാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

നിശ്ചിത സമയത്തിനകം അപേക്ഷ നൽകാത്ത പ്രവൃത്തി കരാർ മുൻപ് അംഗീകരിച്ച സമയത്ത് അവസാനിക്കുന്നതാണ്. കരാറുകാരന്റെ കാരണത്താലുള്ള വൈകൽമൂലം പ്രവൃത്തി അവസാനിപ്പിക്കുന്ന അവസരത്തിൽ ടെർമിനേഷൻ സമയത്ത് ഈടാക്കേണ്ട നിരക്കിൽ കരാറുകാരനിൽ നിന്ന് പിഴ ഈടാക്കേണ്ടതാണ് എന്നും PWD മാന്വലിൽ നിർദ്ദേശിച്ചിട്ടുണ്ട് (PWD Manual 2112, 2112.1)

തദ്ദേശസ്വയംഭരണ (എസി) വകുപ്പിന്റെ 18.8.2018 ലെ 2/223/2015-ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടിനൽകേണ്ട ഘട്ടത്തിൽ ഈടാക്കേണ്ട പിഴ താഴെ നൽകുന്ന (അസിസ്റ്റന്റ് എഞ്ചിനിയർ നടപ്പാക്കിയതിൽ പരിശോധിച്ച ഫയലുകൾ പ്രകാരമുള്ളത്).

| കാലയളവ് | പിഴ |
|---|---|
| ആദ്യ വർദ്ധന (First Extension ) (പൂർത്തീകരണ കാലാവധിയുടെ 25%, പരമാവധി 6 മാസം) | ആദ്യത്തെ 3 മാസക്കാലയളവിന് PAC യുടെ 1%, തുടർന്നുള്ള ഓരോ 3 മാസത്തിനും PAC യുടെ 2% (മിനിമം 1000, പരമാവധി 50000) |
